| | | | | |
|---|---|---|---|---|
| 54 | ശ്രീകൃഷ്ണാമ്പലം - കുംഭമൺ ഏലാറോഡ് ചപ്പാത്ത് വാർഡ് 11(91/24, 347/25) | 68559 | 21-01-2025 | ബിനു തോമസ് |
| 55 | കുന്നിന്മേൽ ക്ഷേത്രം - എലിത്തിട്ട ഏലാ റോഡ് മെയിന്റനൻസ് - 19 (351/25) | 161013 | 21-01-2025 | ബിനു തോമസ് |
| 56 | കുഴിന്തുണ്ടിൽപ്പടി റോഡ് ഓടയ്ക്കു സ്ലാബും മെയിന്റനൻസും വാർഡ് 19 (352/25) | 174989 | 21-01-2025 | ബിനു തോമസ് |
| 57 | വെള്ളഞ്ചിപാലം കുളഞ്ഞിയിൽപടി പുത്തൻ വിളപ്പടി റോഡ് മെയിന്റനൻസ് 18 (55/24, 353/25) | 278637 | 01-01-2025 | സതീഷ് കുമാർ |

2024-25 വർഷം എഗ്രിമെന്റ് വച്ച മുകളിൽ പറഞ്ഞ പ്രവൃത്തികൾ ഇൻഷ്വർ ചെയ്ത് കരാറുകാരനി നിന്നും ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം കരാ തുകയുടെ 0.2% തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കണമെ കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ 31498 രൂപ (രസീത് നമ്പർ-25003193, 25003194, 25003196, 25003198, 25003200, 250032 25003204, 25003205/14-08-2025, 25003227/18-08-2025) അടവാക്കിയിട്ടുണ്ട്. എല്ലാ മരാമ പ്രവൃത്തികൾക്കും ഡിഫക്ട് ലൈബിലിറ്റി കാലയളവ് പൂർണ്ണമാകത്തക്ക രീതിയിൽ ഇൻഷ്വറൻ കവറേജ് നിർബന്ധമാണ്. ഫൈൻ ഈടാക്കുന്ന പ്രവണത ഒഴിവാക്കി എല്ലാ മരാമ പ്രവൃത്തികളും ഇൻഷ്വർ ചെയ്യുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരങ്ങളും പഞ്ചായത്തിൽ നിന്നും ഓഡി കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയവരുടെ ലിസ്റ്റും പരിശോധിച്ചതിൽ നിന്

ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം നടത്തിയാ കണ്ടെത്തിയിട്ടുണ്ട്. മരണം രജിസ്റ്റർ ചെയ്യുന്നതിനൊപ്പം ക്ഷേമ പെൻഷൻ സസ്പെൻ ചെയ്യാതിരുന്നതിനാലാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സമയത്ത് 2024 നവംബർ വരെയുള്ള കാലയളവിലെ പെൻഷൻ വിതരണ പരിശോധിക്കുകയും അപാകതകൾ ആ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയ ചെയ്തിരുന്നു. 2024 ഡിസംബർ മുതലുള്ള വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ളത്.

2024 ഡിസംബർ മുതൽ 2025 മാർച്ച് വരെയുള്ള കാലയളവിൽ മരണപ്പെട്ട 5 ഗുണഭോക്താക്കളു അക്കൗണ്ടുകളിലേക്ക് അവരുടെ മരണത്തിന് ശേഷവും പെൻഷൻ തുക നിക്ഷേപിച്ചിട്ടു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | പെൻഷൻ തരം, പെൻഷൻ ഐഡി. | മരണപ്പെട്ട തീയതി | ഗുണഭോക്താവ് മരണപ്പെട്ട ശേഷം വിതരണം ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | അസുമാ ബീവി, തെങ്ങുംതുണ്ടിൽ, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180202846 | 05.01.2025 | 14400 (9*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 2 | ചിന്നമ്മ, എബനേസർ ഭവനം, ഏനാത്ത് | വിധവാ പെൻഷൻ 104180601476 | 14.03.2025 | 9600 (6*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 3 | പൊടിയൻ, പൊന്നിട്ട പടിഞ്ഞാറ്റേതിൽ, ഇളങ്ങമംഗലം, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180201222 | 01.12.2024 | 6000 (10*600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

| | | | | | |
|---|---|---|---|---|---|
| 4 | തങ്കമ്മ, പാറവിള വീട്, കടിക കൈതപ്പറമ്പ് | വാർദ്ധക്യകാല പെൻഷൻ 104180203093 | 16.01.2025 | 4800 (8*600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 5 | രാജു എൽ., പാലക്കുന്നിൽ തെക്കേതിൽ, എനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180200975 | 25.03.2025 | 8000 (5*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| | **ആകെ** | | | **42800** | |

ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം ആകെ 42800 രൂപ പെൻഷൻ ഇനത്തിൽ അവരു ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ക്രമ നം. 1, 2, 4 ഗുണഭോക്താക്കളുടെ പെൻഷൻ നിലവില ആക്ടീവായി തുടരുകയാണ്.

2025-26 സാമ്പത്തിക വർഷം ഓഡിറ്റ് തീയതിവരെയുള്ള പെൻഷൻ വിതരണം പരിശോധിച്ചതി നിന്നും ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം ആകെ 39200 രൂപ പെൻഷൻ ഇനത്തി അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും 17200 രൂപ വീടുകളിലെത്തി നേരിട്ട് വിതരണ ചെയ്യുന്നതിനായി സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | പെൻഷൻ തരം. പെൻഷൻ ഐഡി. | മരണപ്പെട്ട തീയതി | ഗുണഭോക്താവ് മരണപ്പെട്ട ശേഷം വിതരണം ചെയ്ത തുക | റിമാർക്ക് |
|---|---|---|---|---|---|
| 1 | ആനന്ദൻ, കൃഷ്ണവിലാസം, അറുകാലിക്കൽ പടിഞ്ഞാറ്, വടക്കടത്ത്കാവ് | ഭിന്നശേഷി പെൻഷൻ 104180400031 | 10.06.2025 | 3200 (2*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈ മാറാൻ |

| | | | | | |
|---|---|---|---|---|---|
| | | | | | ബാങ്കിന് സാധിച്ചില്ല. |
| 2 | ഭാനുമതി അമ്മ, കിഴക്കേ കാഞ്ഞിരംവിള, ഇളങ്ങമംഗലം, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180201833 | 15.07.205 | 600 (1*600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 3 | ചിന്നമ്മ, മേലൂട്ട്, അറുകാലിക്കൽ വെസ്റ്റ്, നെടുമൺ | വാർദ്ധക്യകാല പെൻഷൻ 104180201063 | 20.06.2025 | 3200 (2*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 4 | ചിന്നമ്മ കുഞ്ഞുകുഞ്ഞ്, ഓണംപള്ളിൽ കടയിൽ, ഏനാത്ത് | വിധവാ പെൻഷൻ 104180601031 | 26.04.2025 | 6400 (4*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 5 | ഗ്രേസിക്കുട്ടി ജോയി, പൊടിവിള തെക്കേതിൽ പുത്തൻവീട്, വയല | വാർദ്ധക്യകാല പെൻഷൻ 104180202361 | 29.06.2025 | 1600 (1*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

| | | | | | |
|---|---|---|---|---|---|
| 6 | മേരിക്കുട്ടി സാമുവൽ, സജിഭവൻ, കൈതപ്പറമ്പ് | വാർദ്ധക്യകാല പെൻഷൻ 104180200760 | 12.07.2025 | 1600 (1*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 7 | മീനാക്ഷി എം., മേലൂട്ട് വീട്, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180202607 | 20.06.2025 | 1200 (2*600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 8 | നാണു സി., ചരുവിളയിൽ, കുതിരമുക്ക് അറുകാലിക്കൽ വെസ്റ്റ് | വാർദ്ധക്യകാല പെൻഷൻ 104180200155 | 25.07.2025 | 1600 (1*1600) | സംസ്ഥാന വിഹിതം 1100രൂപ സഹകരണ ബാങ്കിന് കൈമാറി കേന്ദ്ര വിഹിതം 500രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 9 | പൊന്നമ്മ, മല്ലശ്ശേരി വില്ല, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180202835 | 14.07.2025 | 600 (1*600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 10 | രാഘവൻ, ലക്ഷ്മി വിലാസം, ഏഴംകുളം, പുതുമല | കർഷക തൊഴിലാളി പെൻഷൻ 104180100532 | 18.07.2025 | 1600 (1*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാ |

| | | | | | |
|---|---|---|---|---|---|
| | | | | | തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 11 | സലിം, അയണിക്കാമുകളിൽ, ഏഴംകുളം, നെടുമങ്ങ | വാർദ്ധക്യകാല പെൻഷൻ 104180203725 | 14.05.2025 | 6400 (4*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 12 | ശാന്തമ്മ, ചരുവിളക്കിഴക്കേതിൽ, തൊടുവക്കാട്, തേപ്പുപാറ | വിധവാ പെൻഷൻ 104180601829 | 31.05.2025 | 3200 (2*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 13 | സരസ്വതി അമ്മാൾ, മണികണ്ഠ ഭവനം, അറുകാലിക്കൽ വെസ്റ്റ് | വാർദ്ധക്യകാല പെൻഷൻ 104180202552 | 09.05.2025 | 6400 (4*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 14 | ഷെരീഫാ ബീവി, ചെളിക്കുഴിവിള, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180202836 | 22.07.2025 | 1600 (1*1600) | സംസ്ഥാന വിഹിതം 1100രൂപ സഹകരണ ബാങ്കിന് കൈമാറി കേന്ദ്ര വിഹിതം 500രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 15 | തങ്കമ്മ തോമസ്, | വാർദ്ധക്യകാല പെൻഷൻ | 12.04.2025 | 8000 (5*1600) | തുക അക്കൗണ്ടിൽ |

| | | | | | |
|---|---|---|---|---|---|
| | വത്സലഗിരി, ഇളങ്ങമംഗലം , ഏനാത്ത് | 104180201588 | | | നിക്ഷേപിച്ചു. |
| 16 | ജോർജ്ജ് സി.ഐ., ചിറക്കരോട്ട്, ഇളങ്ങമംഗലം, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180200217 | 03.07.2025 | 1600 (1*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 17 | വർഗ്ഗീസ്, കൊച്ചു പുത്തൻവീട്, പറക്കോട്, ഏഴംകുളം | ഭിന്നശേഷി പെൻഷൻ, 104180400356 | 11.05.2025 | 6400 (4*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 18 | കെ.സി. ബേബി, കുന്നിൽ പീസ് കോട്ടേജ്, കൈതപ്പറമ്പ്, ഏഴംകുളം | വാർദ്ധക്യകാല പെൻഷൻ 104180201781 | 20.06.2025 | 1200 (2*600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

ക്രമ നമ്പർ 8, 10, 12, 17 ഗുണഭോക്താക്കളുടെ പെൻഷൻ നിലവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. എന്നാൽ മറ്റുള്ള ഗുണഭോക്താക്കളുടെ പെൻഷൻ നിലവിലും ആക്ടീവായി തുടരുകയാണ്.

മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്ന സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (40/18.08.2025) നൽകിയിരുന്ന ടി. ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് നടപടിക സ്വീകരിച്ചിട്ടുണ്ടെന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തു തിരികെ ഈടാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ് ബേസിൽ നിന്നും ഒഴിവാക്ക

പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പെൻഷൻ വിതരണം നടത്തു സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തി ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്ക സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്ന ഒഴിവാക്കേണ്ടതുമാണെന്ന് 23.09.2020-ലെ സ.ഉ.(കൈ.) നം.97/2020/ധന നമ്പർ ഉത്തരവി നിഷ്കർഷിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശി സർക്കാരിനെ അറിയിക്കാതെ അനന്തരാവകാശികൾ സർക്കാരിനെ കബളിപ്പിച്ച് അനർഹമാ തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്നും തിരികെപ്പിടിച്ച് സർക്കാരി മുതൽക്കൂട്ടുവാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പ്രസ്തുത ഉത്തരവിലുണ്ട്. സാമൂ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം അനുവദിക്കുന്ന പെൻഷൻ/കുടിശ്ശി തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ലായെന്ന് 22.11.2024-ലെ 65/20 ധന സർക്കുലറിലൂടെ വ്യക്തത വരുത്തിയിട്ടുമുണ്ട്. അനർഹമായി കൈപ്പറ്റിയ തുക പലി സഹിതം തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12.12.2024-ലെ 71/2024/ധന, 31.01.2025-ലെ 07/2025/ധ എന്നീ സർക്കുലറുകളിലൂടെ അധിക നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം അനന്തരാവകാശികൾ അനർഹമായി കൈപ്പറ്റി തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാ മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തത് മൂലം സർക്കാരി സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്ക സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് 12.08.2021-ൽ 63/2021/ധന നമ്പരായി സർക്കുല പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി ഓഡിറ്റ് കണ്ടെത്തിയ 82000 രൂപ (42800+392 അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം സെക്രട്ടറിയിൽ നിന്ന ഈടാക്കേണ്ടതാണ്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം സഹകരണ ബാങ്കി അനുവദിച്ച തുക തിരികെ ഒടുക്കിയതിന്റെ വിവരങ്ങൾ ബാങ്കിൽ നിന്നും വാങ്ങി ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന ഭാവിയിൽ ആവർത്തിക്കാതെയിരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിഷ

ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയ
ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 3.38 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിl ഷെഡ്യൂൾ B-18 പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച **33809159** രൂപയുടെ പ്രവൃത്തിക പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Amount |
|---|---|
| Advance To Implementing Agencies - Deposit With KWA | 14216636 |
| Advance To Implementing Agencies - Deposit With KEB | 18997023 |
| Advance To Implementing Agencies - Deposit With GWD | 15500 |
| Advance To Implementing Agencies - Deposit With PWD | 580000 |
| **Total** | **33809159** |

നിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.6/06-2025)നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിക്ഷേപങ്ങൾ സംബന്ധിച്ച വിവരങ്ങ രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 09-03-2023-ലെ സ.ഉ (കൈ) നം.38/2023/ധന. ഉത്തരവ് പ്രകാ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖേന നടത്തുന്ന ഡെപ്പോസിറ്റ് വർക്കിനാ പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതാത് വർഷ തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഡിപ്പോസ വർക്കിനായി പ്രാദേശിക സർക്കാരുകൾ അംഗീകൃത ഏജൻസികളിൽ നിക്ഷേപിച്ചതി ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തിക വർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടി നിന്നും കുറവ് വരുത്തുന്നതാണ്.

മേൽപ്പറഞ്ഞ പട്ടിക പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഗ്രാ
പഞ്ചായത്ത് ഭരണസമിതിയുടെ സമഗ്രമായ ഒരു ഇടപെടൽ ഉണ്ടാകേണ്ടതാണ്. കൂടാതെ വിവി
സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുക പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കി
വിനിയോഗ സാക്ഷ്യപത്രം വാങ്ങി വാർഷിക ധനകാര്യ പത്രികയിലെ അഡ്വാൻസ് തു
ക്രമീകരിക്കേണ്ടതും വിനിയോഗത്തിന് ശേഷം അവശേഷിക്കുന്ന തുക തിരികെ ഈടാക
സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിന്റെ പ്രാധാന
പരിഗണിച്ച് ഗ്രാമ പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റ
ലഭ്യമാക്കേണ്ടതുമാണ്.

## 1-36 വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ ചെലവഴിക്കുന്നില്ല

വിവിധ ആവശ്യങ്ങൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളും വിവിധ സർക്കാ
ഏജൻസികളും ഗ്രാമപ്പഞ്ചായത്തിനു നൽകിയ ഗ്രാന്റുകൾ ചെലവഴിച്ചിട്ടില്ല. രേഖക
പരിശോധിച്ചതിൽ 1.30 കോടി രൂപയാണ് ഇപ്രകാരം ചെലവഴിക്കാതെ പഞ്ചായത്തിന്റെ
അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ
ഷെഡ്യൂൾ B-4 പ്രകാരം സ്പെഷ്യൽ പർപ്പസ് ഗ്രാന്റിനത്തിൽ വിവിധ പദ്ധതികൾക്കായി ലഭി
തുകയിൽ 31-03-2025-ൽ ചുവടെ പറയും പ്രകാരം ഫണ്ട് അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ഇനം | 31-03-2025-ൽ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | Ardram Mission | 500000 |
| 2 | Rural Housing- Housing For All | 1700000 |
| 3 | Flood Relief Grant | 15035 |
| 4 | Library Grant | 419 |
| 5 | Integrated Child Development Scheme | 5431774 |
| 6 | Grant From Suchitwa Mission | 2531311 |

| | | |
|---|---|---|
| 7 | Health Grant | 773835 |
| 8 | Health Grant | 834851 |
| 9 | Pykka | 46633 |
| 10 | Grant From Other Government Agencies | 634259 |
| 11 | Grant From Other Financial Institutions | 582568 |
| | **Total** | **13050685** |

വിവിധ പദ്ധതികളുടെ വിനിയോഗത്തിനായി വിവിധ സ്ഥാപനങ്ങളിൽ നിന്നും ഗ്രാന്റിനത്തി ലഭിച്ച തുകയാണ് മുകളിൽ പറഞ്ഞത് പ്രകാരം അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതമിനത്തിലുള്ള തുക മുൻ വർഷവും ചെലവഴിക്കാതെ അവശേഷ തുകയാണ്. പ്രോജക്ടിനത്തിൽ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത തുകയാണ് ഇപ്രകാ ചെലവഴിക്കാതെ അവശേഷിക്കുന്നത്. ആയതുപോലെ ഹെൽത്ത് ഗ്രാന്റിനത്തിലും തു അവശേഷിക്കുന്നുണ്ട്. ക്രമ നം-10,11 എന്നിവ പ്രകാരമുള്ള തുകകൾ ഏതിനത്തിലുള്ളത്, എവി നിന്ന് ലഭിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ലൈഫ് ഭവന നിർമ്മാണ പദ്ധതി, ശുചിത്വം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യ പോഷകാഹാര വിതരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി, പഞ്ചായത്തി ഒഴിവാക്കാനാവാത്ത വിവിധ വികസന പ്രവർത്തനങ്ങൾക്കായി മുൻ വർഷങ്ങളിൽ ഉൾപ്പെ ലഭിച്ച ഫണ്ടുകളാണ് ഇപ്രകാരം പൊതുജനത്തിന് പ്രയോജനപ്പെടാതെ നിഷ്ക്രിയാവസ്ഥയിലുള്ള ഹെൽത്ത് ഗ്രാന്റ്, ഐ.സി.ഡി.എസ് ഇനങ്ങളിൽ അവശേഷിക്കുന്ന തുക ചെലവഴിക്കുന്നതിനാ 2025-26 വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും തുക ചെലവഴിക്കുമെന്നുമാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചത്.

ലഭ്യമായ ഫണ്ടുകൾ ചെലവഴിക്കാതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (33/16-08-20 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അംഗനവാടി പോഷകാഹാര വിതരണത്തി ചെലവഴിക്കാതെ അവശേഷിക്കുന്ന അംഗനവാടി കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള ഭൗതി സാഹചര്യങ്ങൾ ഒരുക്കുന്നതിനായി വിനിയോഗിക്കേണ്ടതാണ്. മുകളിൽ പറഞ്ഞത് പ്രകാരമു തുകകൾ സൂക്ഷിക്കുന്നതിനായി ഹെൽത്ത് ഗ്രാന്റ്, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നിവ ഒഴിക പ്രത്യേക അക്കൗണ്ട് ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് പ്രസ്തുത തുകക

സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ നിന്നും ലഭ്യമാകുന്ന പലിശ ഉൾപ്പെടെയുള്ള തുകകൾ യഥാർത്ഥത്തി
പഞ്ചായത്തിന്റെ തനത് ആവശ്യങ്ങൾക്കായാണ് നിലവിൽ ഉപയോഗിച്ച് വരുന്നത്.

വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ തുക വിനിയോഗിച്ച് പ്രോജക്ട് തയ്യാറാക
പൊതുജനങ്ങൾക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്. ലഭിച്ച ഗ്രാന്റ് വിനിയോഗിച്ച് പദ്ധ
നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ലഭ്യമായ ഫണ്ട് തിരികെ നൽകേണ്ടതാ
ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റ്
ലഭ്യമാക്കേണ്ടതാണ്.

## 1-37 നടപടിക്രമങ്ങൾ പാലിക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ, 350/25 |
| വകയിരുത്തിയ തുക | റോഡിതര സംരക്ഷണ ഗ്രാന്റ്-175000 |
| ചെലവഴിച്ച തുക | 175000<br>(240503520169013207 04/15.02.2025-174580,<br>240503520169014338 25/13.03.2025- 420) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബ
ഉപകരണങ്ങളും വാങ്ങുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. പദ്ധതിയു
ഭാഗമായി ഒരു ലേസർ പ്രിന്റർ, മൂന്ന് ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, ഒരു പെൻഡ്രൈവ് എന്നി
വാങ്ങുന്നതിന് 175000 രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകളും പ്രിന്ററും GeM പോർട്ടൽ മുഖേ
കെ.എം. ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും പെൻഡ്രൈവ് എൻ.എസ്.എസ്. കമ്പ്യൂ
എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ആവശ്യമായ ഗുണനിലവാര
സ്പെസിഫിക്കേഷനും വിതരണ കാലയളവും അനുയോജ്യമാണെങ്കിൽ കുറഞ്ഞത് മൂന്ന് വ്യത്യ
നിർമ്മാതാക്കളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിർമ്മാതാവിൽ നിന്നും L1 കമ്പാരിസ
രീതിയിൽ 50000 രൂപ മുതൽ 100000 രൂപ വരെ വില വരുന്ന സാധനങ്ങൾ GeM മുഖേ

വാങ്ങാവുന്നതാണ്. എന്നാൽ L1 കമ്പാരിസൺ രീതിയ്ക്ക് പകരം GeM -ൽ നിന്നും നേരിട്ടാ കമ്പ്യൂട്ടറുകളും പ്രിന്ററും വാങ്ങിയിട്ടുള്ളത്. L1 കമ്പാരിസൺ രീതിയിൽ ഒറ്റ പർച്ചേസാ നടത്തുന്നതിന് പകരം 50000 രൂപയിൽ താഴെയുള്ള 4 പർച്ചേസുകളിലായാണ് വാങ്ങ നടത്തിയിട്ടുള്ളത്. 50000 രൂപ വരെയുള്ള സാധനങ്ങളും സേവനങ്ങളും GeM-ൽ ലഭ്യമായ ഏതൊ വിതരണക്കാരിൽ നിന്നും നേരിട്ടുവാങ്ങാൻ സാധിക്കുന്നതാണ്. പ്രസ്തുത സൗകര ഉപയോഗപ്പെടുത്തി ഒരു പ്രത്യേക വിതരണക്കാരനിൽ നിന്നും ഉപകരണങ്ങൾ നേരി വാങ്ങുന്നതിനാണ് ഇത്തരം നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. GeM-ൽ നിന്നും വാങ്ങി ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപകരണങ്ങളുടെ വിവരങ്ങൾ | എണ്ണം | ഇൻവോയ്സ് നം., തീയതി | തുക |
|---|---|---|---|---|
| 1 | എ4 ലേസർ പ്രിന്റർ - കാനൺ | 1 | KMR/24-25/2077/06.02.2025 | 25105 |
| 2 | ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ-എച്ച്.പി.ഐ3 & എൽ.ഇ.ഡി. മോണിട്ടർ | 1 | KMR/24-25/2120/11.02.2025 | 49897 |
| 3 | ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ-ഏയ്സർ ഐ3 & എൽ ഇ ഡി. മോണിട്ടർ | 1 | KMR/24-25/2119/11.02.2025 | 49680 |
| 4 | ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ-എച്ച് പി.ഐ3 & എൽ.ഇ.ഡി. മോണിട്ടർ | 1 | KMR/24-25/2121/11.02.2025 | 49898 |
| | **ആകെ** | | | **174580** |

കമ്പ്യൂട്ടറുകളും ഉപകരണങ്ങളും GeM-ൽ നിന്നും വാങ്ങിയതിന്റെ കമ്പാരിസൺ സ്റ്റേറ്റ്മ ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (50/19.08.2025) നൽകിയെങ്കില മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ ആ

ചെലവ് തുകയായ 175000 രൂപയിൽ 174580 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. അപാകതകൾ വകു
തലത്തിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

## 1-38 സബ്സിഡി തുക ഗുണഭോക്താവിന് പകരം കരാറുകാരന് അനുവദിച്ച

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട (സ്പിൽ ഓവർ), 185/25 |
| വകയിരുത്തിയ തുക | വികസന ഫണ്ട്- 390000 |
| ചെലവഴിച്ച തുക | വികസന ഫണ്ട്-150000<br>( BRN- 24050352017100152817/25.05.25-50000,<br>24050352017100152818/25.05.25-50000,<br>24050352017100152822/25.05.25-50000) |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഭിന്നശേഷിക്കാർക്ക് പെട്ടിക (185/25) നൽകുന്ന പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കിയിരുന്നു. പദ്ധതി പ്രകാരം മൂ ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തു ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് പകരം മ ഫാബ്രിക്കേഷൻസ് എന്ന സ്ഥാപനത്തിനാണ് അനുവദിച്ചിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(കൈ.)നം. 115/20 ത.സ്വ.ഭ.വ തീയതി 28.05.2022) ഖണ്ഡിക 2.12 പ്രകാരം പ്രത്യേകം അനുവദിക്കപ്പെ സാഹചര്യങ്ങളിലൊഴികെ സബ്സിഡി/ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേ മാത്രമേ നൽകാൻ പാടുള്ളൂ. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക നിർമ്മാ ചുമതലയുണ്ടായിരുന്ന കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയതി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (44/19.08.25) നിർവ്വഹ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖാ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന ഭരണതലത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 തേൻഗ്രാമം-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് തുക ചെലവഴിച്ചു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | തേൻഗ്രാമം, 86/25 |

| | |
|---|---|
| വകയിരുത്തിയ തുക | വികസന ഫണ്ട് - 42800<br>ഗുണഭോക്തൃ വിഹിതം - 37800<br>ആകെ – 80600 |
| ചെലവഴിച്ച തുക | വികസന ഫണ്ട്-80600<br>( BRN- 24050352016901227585/11.02.25 – 21000.<br>24050352016901301152/15.02.25 - 5000.<br>24050352016901468054/13.03.25 - 16800,<br>ചെക്ക് – 37800 ) |

തേനീച്ചയോടു കൂടിയ പെട്ടി 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനും തേനീ വളർത്തലിൽ കർഷർക്ക് പരിശീലനം നൽകുന്നതിനുമായി കൃഷി ഓഫീസർ നിർവ്വഹ ഉദ്യോഗസ്ഥയായി തേൻ ഗ്രാമം പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. പതിനാല പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേ (സ.ഉ.(കൈ.)നം. 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022) ഖണ്ഡിക 6.1.9.32 പ്രകാരം തേനീച്ച കൃഷിയ്ക പൊതുവിഭാഗത്തിന് പരമാവധി 50% സബ്സിഡിയാണ് അനുവദനീയമായിട്ടുള്ളത്. പദ്ധതിയു ഭാഗമായി 54 തേനീച്ച കോളനികൾ വാങ്ങി വിതരണം നടത്തിയതിന് 75600 രൂപയും കർഷകർ പരിശീലനം നൽകിയതിന് 5000 രൂപയും ചെലവഴിച്ചിട്ടുണ്ട്. കെയ്ക്കോ തിരുവല്ലയിൽ നിന്ന 17.01.2025-ൽ 30 തേനീച്ച കോളനികൾ 1400 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ആകെ വിലയായ 420 രൂപയിൽ 21000 രൂപ വീതം വികസനഫണ്ടിൽ നിന്നും ഗുണഭോക്തൃ വിഹിതത്തിൽ നിന്ന അനുവദിച്ചു. പിന്നീട് 22.02.2025-ൽ കെയ്ക്കോയിൽ നിന്ന് 24 തേനീച്ച കോളനികൾ സ്റ്റാൻ ഉൾപ്പെടെ 1400രൂപ നിരക്കിൽ വാങ്ങുകയും ബിൽതുകയായ 33600 രൂപ വികസനഫണ്ടിൽ നിന്ന ഗുണഭോക്തൃ വിഹിതത്തിൽ നിന്നും തുല്യമായി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. തേനീ കോളനി ഒരെണ്ണത്തിന് 600രൂപയും സ്റ്റാന്റിന് 200രൂപയുമാണ് ജില്ലാതലത്തിൽ നിശ്ചയിച്ചിരിക്കു യൂണിറ്റ് കോസ്റ്റ്. ആയത് പ്രകാരം കണക്കാക്കുമ്പോൾ 30തേനീച്ച കോളനികൾക്ക് 18000 രൂപയ (30*600) 24 തേനീച്ച കോളനികൾക്കും സ്റ്റാന്റിനുമായി 19200 രൂപയുമാണ് (24*800) ചെലവ് വരുന്ന ആകെ തുകയായ 37200 രൂപയാണ് (18000+19200) ചെലവഴിക്കാൻ സാധിക്കുന്നത്. എന്നാൽ 75600 രൂ സബ്സിഡിയിനത്തിൽ ചെലവഴിച്ചാണ് കെയ്ക്കോയിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത്. 384

രൂപ (75600-37200) അധികമായി ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട് ഗുണഭോക്തൃ വിഹിത എന്നിവയിൽ നിന്നും തുല്യമായാണ് അധികച്ചെലവ് നടത്തിയിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡ എൻക്വയറിയ്ക്ക് (50/19.08.25) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമാ ചെലവഴിച്ച 38400 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കാൻ നടപ സ്വീകരിക്കേണ്ടതാണ്.

## 1.40 ടാറിന്റെ ബാരൽ വില, ജി.എസ്.ടി എന്നിവ ബിൽ തുകയിൽ കുറവ് ചെയ്തില്ല

2024-25 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ടാറിം പ്രവൃത്തികളിൽ ബാരൽ വില, ബാരൽ വിലയുടെ ജി.എസ്.ടി എന്നിവ ബിൽ തുക നൽകിയപ്പോ ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിവരങ്ങൾ | ചെലവ് തുക | കരാറുകാരന്റെ പേര് | ഉപയോഗിച്ച ടാറിന്റെ അളവ് | ബാരൽ വില + ജി.എസ്.ടി (18%) |
|---|---|---|---|---|---|
| 1 | പാറയിൽ പടി - അമ്പലമുക്ക് റോഡ് ( ചാരുവിള പടി മുതൽ മൂവക്കോട് പടി വരെ ) പുനരുദ്ധാരണം വാർഡ്-2 (243/25) | 415864 | രാജേഷ് കുമാർ.ആർ | 11 ബാരൽ | = 2596 + 467<br>= 3063 |
| 2 | മണ്ണച്ചൻപാറ കൊയ്പ്പള്ളിമല റോഡ് | 534955 | എ ജോസ് | 11 ബാരൽ | = 2596 + 467<br>= 3063 |

| | | | | | |
|---|---|---|---|---|---|
| | നവീകരണം (207/25) | | | | |
| 3 | തെങ്ങുവിള പടി - വല്യാംകുളം റോഡ് മെയിന്റനൻസ് വാർഡ് 4 (307/25) | 964095 | ബിനു തോമസ് | 24 ബാരൽ | = 5664 + 1020 = 6684 |
| 4 | തെക്കടെത്ത് പടി റോഡ് റീ ടാറിങ്ങ് ആന്റ് ഐറിഷ് 20 (10/25) | 1093074 | ബിനു തോമസ് | 26 ബാരൽ | = 6136 + 1105 = 7241 |
| 5 | കീരത്തിൽ പടി-എണ്ണശ്ശേരി മഠം റോഡ് റീടാറിംഗ് വാർഡ്-12(317/25) | 1089993 | ബിനു തോമസ് | 26 ബാരൽ | = 6136 + 1105 = 7241 |
| 6 | തട്ടാരുപടി തേമ്പാറ റോഡ് മെയിന്റനൻസ് വാർഡ് 9 (330/25) | 1850050 | ബിനു തോമസ് | 45 ബാരൽ | = 10620 + 1912 = 12532 |
| 7 | കുതിരമുക്ക് ഇടത്തിട്ടമുകള് പടി വൈക്കത്ത്പടി ആലുവിളപ്പടി റീ ടാറിംഗ് ഐറിഷ് (206/25) | 496784 | കെ ബിജു | 19 ബാരൽ | = 4484 + 807 = 5291 |

| | | | | | |
|---|---|---|---|---|---|
| 8 | ഏഴംകുളം അമ്പലം മുക്ക്-വട്ടക്കാട്ട് പടി റോഡ് പുനരുദ്ധാരണം -വാർഡ്-20 (249/25) | 187308 | രാജേഷ് കുമാർ.ആർ | 6 ബാരൽ | = 1416 + 255 = 1671 |

മുകളിൽ പറഞ്ഞ പ്രവൃത്തികളിൽ ബാരൽ വില, ജി.എസ്.ടി എന്നിവ ഈടാക്കാതിരു അപാകതക്ക് മറുപടി ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (17/13-08-20 നൽകിയിരുന്നു. രസീത് നമ്പർ- 25003227/18-08-2025, 25003201/14-08-2025, 25003195/14-08-2025, 25003200/14-2025 എന്നിവ പ്രകാരം വിവിധ കരാറുകാരിൽ നിന്നും ബാരൽ വിലയിനത്തിലുള്ള 33512 രൂപയ ജി.എസ്.ടി ഇനത്തിലുള്ള 6042 രൂപയും അസിസ്റ്റന്റ് എൻജിനീയർ ഈടാക്കി ഗ്രാമപഞ്ചായത ഫണ്ടിൽ അടവാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബാരൽ വിലയിനത്തിൽ ഈടാക്കി തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും സർക്കാരിന്റെ ROP (Recoveries Of Over Payme ഹെഡ്ഢിലേക്കും ജി.എസ്.ടി ഇനത്തിലുള്ള തുക സർക്കാരിന്റെ ജി.എസ്.ടി ഹെഡ്ഢിലേക്ക അടവാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്. തുടർന്നുള്ള പദ്ധതി നിർവ്വഹണത്തി ടാറിംഗ് പ്രവൃത്തികളിൽ ഫൈനൽ ബിൽ തുക നൽകുമ്പോൾ കരാറുകാരിൽ നിന്നും ബാര വില, ജി.എസ്.ടി എന്നിവ കൃത്യമായി ഈടാക്കുന്നതിനും അസിസ്റ്റന്റ് എൻജിനീയ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 പുഷ്പ കൃഷിയ്ക്ക് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പുഷ്പകൃഷി, 88/25 |
| വകയിരുത്തിയ തുക | വികസന ഫണ്ട് - 40000<br>ഗുണഭോക്തൃ വിഹിതം - 40000<br>ആകെ – 80000 |
| ചെലവഴിച്ച തുക | വികസന ഫണ്ട് – 40000 |

| | |
|---|---|
| | ( BRN- 24050352016901468056/13.03.25- 40000) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പുഷ്പ കൃഷി വികസിപ്പിക്കുന്നതിന് പദ്ധ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. ലൂസ് പൂക്കൾ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 16000 രൂ അധികരിക്കാതെ സബ്സിഡി നൽകുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയു ഭാഗമായി ഏനാദിമംഗലം മഹാത്മാ കാർഷിക കർമ്മസേനയിൽ നിന്നും 10000 എണ്ണം ബ തൈകൾ വാങ്ങി 47 കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. 10000 തൈകൾക്ക് 4രൂപ നിരക്കി ആകെ 40000 രൂപ കാർഷിക കർമ്മസേനയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വാങ്ങിയ തൈക സൗജന്യമായാണ് വിതരണം നടത്തിയിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സി ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(കൈ.)നം. 115/2022/ത.സ്വ.ഭ തീയതി 28.05.2022) ഖണ്ഡിക 6.1.5 പ്രകാരം പുഷ്പ കൃഷിയ്ക്കുള്ള വിത്തുകളും തൈകള പൊതുവിഭാഗത്തിന് വിതരണം ചെയ്യുമ്പോൾ പരമാവധി 75% സബ്സിഡിയാ അനുവദനീയമായിട്ടുള്ളത്. 100% സബ്സിഡി അനുവദിച്ചത് വഴി വികസന ഫണ്ടിൽ നിന്നും 10000 രൂ അധികമായി ചെലവഴിച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും അധിക തുക പിൻവലിച്ചത് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (49/19.08.2025) നിർവ്വഹ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി നിരക്കിൽ അധികരിച്ച് ചെലവഴിച്ച 10000 രൂ നിർവ്വഹണ ഉദ്യോഗസ്ഥയിൽ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 ഇൻവോയ്സുകൾ ഇല്ലാതെ ജൈവവള സബ്സിഡി അക്കൗണ്ടിൽ നൽകി

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ചീരഗ്രാമം, 149/25 |
| വകയിരുത്തിയ തുക | വികസന ഫണ്ട് - 66000<br>ഗുണഭോക്താവ് നേരിട്ട് - 17000<br>ആകെ – 83000 |
| ചെലവഴിച്ച തുക | വികസന ഫണ്ട് – 66000<br>( BRN- 24050352016901671674/25.03.25 – 7140,<br>24050352016901615819/25.03.25 - 43860, |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ചീരകൃഷി വ്യാപിപ്പിക്കുന്നതിന് ചീരഗ്രാ
പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. ഹെക്ടറിന് 22000 രൂപ അധികരിക്കാത്ത വിധത്തി
കൃഷി സ്ഥലത്തിന്റെ വിസ്തൃതി അനുസരിച്ച് ചീരവിത്ത്, ജൈവവളം എന്നിവ നൽകുന്നതിനാ
പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയുടെ ഭാഗമായി ഏനാദിമംഗലം മഹാത്മാ കാർഷി
കർമ്മസേനയിൽ നിന്നും 6 കിലോഗ്രാം ചീരവിത്ത് വാങ്ങി 146 കർഷകർക്ക് വിതരണ
നടത്തുകയും ജൈവവളത്തിനുള്ള സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചീരവിത
വാങ്ങിയതിന് 15000 രൂപയും 146 ഗുണഭോക്താക്കൾക്ക് ജൈവവളത്തിന് സബ്സിഡി അനുവദിച്ചതി
51000 രൂപയും ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേ
അനുവദിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ജൈവവളം വാങ്ങിയതിന്റെ ഇൻവോയ്സുക
ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് ഇല്ലാതെ ചാണകപ്പൊടി വാങ്ങി കൃഷിയ്
ഉപയോഗിച്ചിട്ടുണ്ടെന്നുള്ള സത്യവാങ്മൂലം അടിസ്ഥാനമാക്കിയാണ് സബ്സിഡി അനുവദിച്ചിട്ടുള്ള

പതിനാലാം പഞ്ചവത്സര പദ്ധതി- സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധ
മാർഗ്ഗരേഖ (സ.ഉ.(കൈ.)നം. 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022) ഖണ്ഡിക 6.1.1 പ്രകാ
നിർവ്വഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ തീരുമാന പ്രകാരം വാങ്ങ
നടപടിക്രമങ്ങൾ പാലിച്ച് ജൈവവളങ്ങളും മറ്റും വാങ്ങി വിതരണം ചെയ്യേണ്ടതാണ് എന്നാ
അനിവാര്യമായ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃ
ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബി
നിർവ്വഹണ ഉദ്യോഗസ്ഥക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്. ജൈവവ
വാങ്ങിയതിന്റെ ബില്ല് ഇല്ലാതെ സബ്സിഡി അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യ
നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (50/19.08.2025) നിർവ്വഹണ ഉദ്യോഗസ്ഥ മറുപ
ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ ജൈവവളത്തിന് സബ്സിഡിയാ
അനുവദിച്ച 51000 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-43 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം തുക കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്ക
വീട് നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|
| ശ്രീമതി പൊടിയമ്മ, വള്ളിവിള വീട് | 300000 | 26.5.2023 |
| ശ്രീ. ഷിജു ശാമുവേൽ, മാവേലിവിള പുത്തൻ വീട് | 360000 | 12.2.2023 |
| ശ്രീമതി ശോശാമ്മ, വെട്ടുകുന്നിൽ | 300000 | 12.9.2024 |
| ശ്രീ. ജോർജ്ജ്കുട്ടി, അവിഞ്ഞിയിൽ കിഴക്കേക്കര | 200000 | 7.11.2024 |
| ശ്രീമതി രാധാമണി, സതിഭവനം | 200000 | 19.11.2024 |
| ശ്രീമതി റാഹേൽ, ചരുവിളപുത്തൻവീട് | 300000 | 5.10.2024 |
| ശ്രീമതി സരസ്വതി, സുരാജ് ഭവനം | 300000 | 7.11.2024 |
| ശ്രീമതി പൊന്നമ്മ, രാജ് ഭവൻ | 360000 | 16.7.2024 |
| ശ്രീമതി ഗ്രേസിക്കുട്ടി, അനിൽ ഭവനം | 40000 | 9.10.2024 |
| ശ്രീമതി ദീനാ മാത്യു, ചരുവിളപുത്തൻവീട് | 200000 | 19.11.2024 |

| | | |
|---|---|---|
| ശ്രീമതി അസീന കെ. സനു ഭവനം | 140000 | 20.3.2025 |
| ശ്രീമതി ഉഷാകുമാരി, പഞ്ചമി നിവാസ് | 200000 | 6.1.2025 |
| ശ്രീമതി ഷേർളി ജോർജ്ജ്, മൈപ്പുശ്ശേരിൽ | 40000 | 12.9.2024 |
| ശ്രീമതി കുഞ്ഞുമോൾ, പാറവിള | 40000 | 12.9.2024 |
| ശ്രീമതി റജീന എം. റജീന ഭവനം | 200000 | 28.1.2025 |
| ശ്രീമതി അനു ബി, മുർത്തിവിള കിഴക്കേതിൽ | 40000 | 12.9.2024 |
| ശ്രീമതി വൽസല, പാറവിളയിൽ | 200000 | 7.12.2024 |
| ശ്രീമതി ഗീത പങ്കജാക്ഷൻ, ചരുവിള വീട് | 40000 | 28.3.2023 |
| ശ്രീമതി ശാന്തമ്മ, ശ്യംരാജ് ഭവൻ | 200000 | 17.3.2023 |
| ശ്രീമതി വസന്ത, പ്ലാകുഴി പടിഞ്ഞാറ്റേതിൽ | 300000 | 9.10.2023 |
| ശ്രീ. രഘുനാഥൻ, കമുകുംപറമ്പിൽ പുത്തൻവീട് | 40000 | 7.3.2023 |
| ശ്രീമതി ജയ കെ, കുരോംവിള | 300000 | 25.5.2023 |
| ശ്രീ. വിജയൻ ഡി, കാര്യാട്ട് മേലേതിൽ | 200000 | 15.11.2023 |

| | | |
|---|---|---|
| ശ്രീമതി ഇന്ദു പി ആർ, പള്ളിവടക്കേതിൽ | 200000 | 4.12.2023 |
| ശ്രീ. ആനന്ദൻ, അനു ഭാവനം | 300000 | 4.3.2024 |
| ശ്രീമതി വിജയമ്മ, കാവിളയിൽ വീട് | 200000 | 27.6.2024 |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/18.8.2025) നിർവ്വഹ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കൾ വീട് നിർമ്മാണ അടിയന്തിരമായി പൂർത്തീകരിക്കയോ അല്ലാത്തപക്ഷം തുക ഈടാക്കാൻ നടപടിക സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1.44 ഹോമിയോ മരുന്നുകൾ ലഭിക്കാൻ ശേഷിക്കുന്നു

ഏഴംകുളം ഹോമിയോ ഡിസ്പെൻസറിക്ക് അവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിലേ ഹോംകോയ്ക്ക് മുൻകൂറായി തുക നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| **പ്രോജക്ടിന്റെ പേരും നമ്പറും** | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (142/25) | |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ – ഹോമിയോ | |
| **അടങ്കൽ** | 510000 രൂപ | |
| **ചെലവ്** | 510000 രൂപ | |
| **ഇൻവോയ്സ്** | **നമ്പർ** | **തുക** |
| | LF 2775 | 203235 രൂപ |
| | LF 384 | 218522 രൂപ |
| | | |

| | | |
|---|---|---|
| | LF 947 | 19052 രൂപ |
| **ലഭിച്ച മരുന്നുകൾ (തുക)** | 440809 രൂപ | |
| **ലഭിക്കാനുള്ള മരുന്നുകൾ (തുക)** | 69191 രൂപ | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസർ ഹോംകോയ്ക്ക് കത്ത് നൽകുകയ എത്രയും പെട്ടെന്ന് മരുന്നുകൾ എത്തിക്കാമെന്ന് ഹോംകോ ഉറപ്പ് നൽകിയിട്ടുമുണ്ട്. മരു ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1.45 മിനിട്ട്സുകൾ അംഗീകരിക്കുന്നതിലെ കാലതാമസം

സകർമ്മ സോഫ്റ്റ്‌വെയറിൽ പഞ്ചായത്തിന്റെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ട് അംഗീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| *സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര്* | *കമ്മിറ്റി കൂടിയ തീയതി* | *സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി* | *അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത തീയതി* |
|---|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 12.4.24 | 19.8.24 | 23.9.24 |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 29.4.24 | 19.8.24 | 19.8.24 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 30.4.24 | 7.6.24 | 7.6.24 |
| ധനകാര്യ സ്റ്റാന്റിംഗ് | 11.5.24 | 19.8.24 | 23.9.24 |

| | | | |
|---|---|---|---|
| കമ്മിറ്റി | | | |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 16.5.24 | 6.9.24 | 24.9.24 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 20.6.24 | 19.8.24 | 23.9.24 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 8.7.24 | 19.8.24 | 23.9.24 |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 30.7.24 | 6.9.24 | 24.9.24 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 13.8.24 | 1.10.24 | 3.10.24 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 18.10.24 | 22.4.25 | 22.4.25 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 14.11.24 | 22.4.25 | 22.4.25 |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 11.12.24 | 28.7.25 | 28.7.25 |

| | | | |
|---|---|---|---|
| ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി | 10.12.24 | 22.4.25 | 22.4.25 |
| ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി | 17.12.24 | 22.4.25 | 22.4.25 |
| ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി | 13.1.25 | 23.4.25 | 23.4.25 |
| ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി | 12.2.25 | 26.4.25 | 26.4.25 |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി | 13.2.25 | 28.7.25 | 28.7.25 |
| ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി | 13.2.25 | 22.4.25 | 26.4.25 |
| വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി | 17.3.25 | 22.5.25 | 22.5.25 |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി | 26.3.25 | 28.7.25 | 28.7.25 |

മേൽ സൂചിപ്പിച്ച മിനിട്ട്സുകൾ അംഗീകരിക്കാനുണ്ടായ കാലതാമസത്തിന്റെ കാരണ അറിയിക്കണമെന്ന് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (47/19.8.2025) സകർ

സോഫ്റ്റ്‌വെയറിൽ മിനിട്ട്സ് രേഖപ്പെടുത്തുന്നതിന്റെ പ്രാരംഭ ഘട്ടത്തിലായതിനാലാണ് എ
മറുപടി നൽകിയിട്ടുണ്ട്.

11/2024,12/2024 മാസങ്ങളിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും 1/2025-ൽ ക്ഷേമകാര്യ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും 3/2025-ൽ ധനകാര്യം, ക്ഷേമകാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും മിനിട്ട്സുകൾ സകർമ്മയിൽ അടിയന്തിരമായി രേഖപ്പെടുത്ത ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1.46 പൊതുടാപ്പുകളുടെ വെള്ളക്കരം - അനിയന്ത്രിതമായി വർദ്ധിക്കുന്ന തുക, പരിഹാരം നടപടികൾ ഫലപ്രദമാകുന്നില്ല

എഴംകുളം ഗ്രാമപഞ്ചായത്തിൽ ആകെ 472 (സംയുക്ത പരിശോധന റിപ്പോർട്ട് പ്രാകരം എന്നാ വാട്ടർ ബിൽ പ്രകാരം 461) പൊതു ടാപ്പുകളിൽ 13.6.2024-ൽ നടന്ന സംയുക്ത പരിശോധനയ്ക്ക് ശേഷം 201 മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. പരിശോധന റിപ്പോർട്ട് പ്രകാരം അധികമെ കണ്ടെത്തിയ 271 വാട്ടർ ടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ പുതുക്കി എസ്റ്റിമേറ്റ് പ്രകാരമുള്ള (ആദ്യ എസ്റ്റിമേറ്റിലെ തുക 310000) 450320 രൂപ (ചെക്ക് നം. 244833/19.12.20 ഒടുക്കിയിട്ടുണ്ട്. എന്നാൽ 8/2025-ലെ ബില്ലിലും 461 ടാപ്പുകൾക്ക് 559308 രൂപയുടെ പ്രതിമാസ ഡിമാ ഉൾപ്പെടെ ആകെ 19810292 രൂപ (മുൻ ബാക്കി-18880429, ഫൈൻ-370555) വാട്ടർ അതോറി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (41/18.8.2-25) മറുപടി ലഭ്യമാക്കിയില്ല. വാട്ടർ അതോറി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കാത്തതും പ്രതിമാസ വാട്ടർ ബിൽ പഞ്ചായത ഒടുക്ക് വരുത്താതും ഈ വിഷയത്തിൽ ഒരു സ്തംഭനാവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. ഈ വിഷയത്തി പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1.47 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 95 ഡി.പി1/05/ത.സ്വ.ഭ.വ തീയതി 21.1.2006 സർക്കുലർ പ്രകാരമാണ് പുറപ്പെടുവിച്ചത്. 17.5.2012-ലെ വൈദ്യുതി ബോർഡിന്റെ BO(GM)(General) 1007/2012 (Plg. Com. 3515/98/11-12) നമ്പർ ഉത്തരവ് പ്രകാ ആറ് മാസത്തിനകം മീറ്ററിംഗിനുള്ള തുക ഒടുക്കുന്ന പക്ഷം എസ്റ്റിമേറ്റ് തുകയുടെ പകുതി മാ ഒടുക്കിയാൽ മതിയെന്ന ഇളവ് പഞ്ചായത്ത് പ്രയോജനപ്പെടുത്തിയില്ല. 2015-16 വർഷം മീറ്ററി

പ്രവൃത്തികൾക്കായി 535000 രൂപ നിക്ഷേപിച്ചിട്ടുണ്ട്. മീറ്ററിംഗ് പ്രവൃത്തി പഞ്ചായത്തി ഭാഗികമായിട്ട് നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ തെരുവ് വിളക്ക് വൈദ്യു ചാർജ്ജിനത്തിൽ പഞ്ചായത്ത് ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു-

| വർഷം | തുക |
|---|---|
| 2020-21 | 2472815 |
| 2021-22 | 2274218 |
| 2022-23 | 2087732 |
| 2023-24 | 2433859 |
| 2024-25 | 2563826 |

മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം ശരാശരി 23-25 ലക്ഷം രൂപയാണ് പ്രതിവർഷം തെരു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് നൽകുന്നത് ചെലവാകുന്നത്. ഈ വിഷയത്തിൽ നൽകി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (42/18.8.2025) മറുപടി നൽകിയിട്ടില്ല. മീറ്ററിംഗ് പ്രവൃത്തിക അടിയന്തിരമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതി സാഹചര്യങ്ങൾ മുതലായവ പ്രധാനം ചെയ്ത് ബാല സൗഹൃദ അങ്കണവാടിക യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണെന്നും എ അങ്കവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കും എന്ന നിശ്ചയ ദാർഢ്യത്തോ പ്രവർത്തിക്കേണ്ടതാണെന്നും പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ.)നം.84/ 2022/തസ്വഭവ തീ.19.04.2022) ഖ.8.8.2.- നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 32 അങ്കണവാടികളിൽ എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ല. അവയിൽ രണ്ടെണ്ണത്തിന് കെട്ടിടം നിർമ്മിക്കുന്നതി സ്വന്തമായി സ്ഥലം ലഭ്യമായിട്ടും കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ചുറ്റുമതി ഇല്ലാത്ത സ്ഥലത്താണ് 7 അങ്കണവാടികൾ പ്രവർത്തിക്കുന്നത്. രണ്ട് അങ്കണവാടികളിൽ ശുദ്ധജ ലഭിക്കുന്നതിന് സൗകര്യമില്ല. 32 എണ്ണത്തിൽ ഒന്നിൽ പോലും ശിശു സൗഹൃദ ടോയ്‌ സൗകര്യമില്ല. ഇത്തരം സാഹചര്യം നിലനിൽക്കുമ്പോൾ തന്നെ അങ്കണവാടികളുടെ അടിസ്ഥ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചെലവഴിക്കാൻ സാധിക്കുന്ന കേന്ദ്രവിഹിതം 54.31ലക്ഷ

രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നീക്കിയിരുപ്പായുണ്ട്. പൂരക പോഷകാഹാര പരിപാ
നടപ്പിലാക്കുന്നതിന് ലഭിച്ച കേന്ദ്രസഹായത്തിലെ ശേഷിച്ച തുകയാണിത്. പ്രസ്തുത തു
വിനിയോഗിച്ച്, സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടി
നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന
അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങ
ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങ
സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണ
നൽകേണ്ടതാണെന്ന് 03.09.2010-ലെ 39033/ഡി.സി.2/10/തസ്വഭവ നമ്പർ സർക്കുലറി
നിർദ്ദേശിച്ചിട്ടുള്ളതുമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-49 ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിൽ പഞ്ചായത്തിന് വിമുഖത

പേമാരി, വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ, മാറാരോഗം മുതലായ കാരണങ്ങളാ
ദുരിതമനുഭവിക്കുന്ന നിർധനരായവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹാ
നൽകുന്നതിനായി ഗ്രാമപഞ്ചായത്തിനു ഒരു പ്രമേയം മൂലം, 2003-ലെ കേരള പഞ്ചായത്ത്ര
(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഒരു ദുരിതാശ്വാസനി
രൂപീകരിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഒരു ഫണ്ട് ഗ്രാമപ്പഞ്ചായത്ത് രൂപീകരിച്ചിട്ടി
ചട്ടം 3(2) പ്രകാരം, കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ
സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാ
നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ഈ വിഷയത്തിൽ നൽകി
ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (46/19.8.2025) മറുപടിയായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയു
13.8.2024-ലെ 3(1)-ാം നമ്പർ തീരുമാനം പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കാൻ പ്രാര
നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അടുത്ത് വരുന്ന ജനറൽ കമ്മിറ്റിയിൽ അജണ്ട ഉൾപ്പെടുത്ത
എന്ന് അറിയിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്ത് ഒരു വർഷം കഴിഞ്ഞിട്ടും പഞ്ചായ
ഉദാസീനമായ സമീപനമാണ് സ്വീകരിച്ചത്കൊണ്ട് പ്രസ്തുത മറുപടി അംഗീകരിക്കാ
കഴിയുന്നതല്ല. ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള നടപടിക
ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-50 വാതിൽപ്പടി സേവനം - പഞ്ചായത്തിന്റെ പ്രവർത്തനം ആശാവഹമല്ല

പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങി പലവിധ കാരണങ്ങളാൽ അവശ
അനുഭവിക്കുന്നവരുടെയും അറിവില്ലായ്മയും നിസ്സഹായാവസ്ഥകളും മൂലം സർക്കാർ സേവ
കൃത്യമായ ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങളുടെയും അടുത്തേക്ക് കൂടുതൽ സുഗമ
കാര്യക്ഷമവും സമയബന്ധിതമായി എത്തിച്ചേരേണ്ടതിന്റെ ആവശ്യകത പരിഗണിച്ച്
സന്നദ്ധസേവനദാതാക്കളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടു കൂടി കൂടുത
സേവനമേഖലകൾ ഉൾപ്പെടുത്തി സാമൂഹിക സന്നദ്ധസേനയുടെ പ്രവർത്തനങ്ങ
വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ കാരണങ്ങളാൽ അവകാശപ്പെട്ട സേവനങ്ങ
ലഭിക്കാതെ പോകുന്ന ജനങ്ങൾക്ക് സന്നദ്ധസേനാംഗങ്ങളോ അനുബന്ധസേവനദാതാക്കളേ
വീടുകളിൽ നേരിട്ടെത്തി സർക്കാരിന്റെ സാമൂഹികക്ഷേമ സേവനങ്ങ
ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ പ്രദാനം ചെയ്യുവാൻ ലക്ഷ്യമിട്ട് വാതിൽപ്പടി സേവ
പദ്ധതിയ്ക്ക് സ.ഉ (സാധാ.) 1066/2021/ ത.സ്വ.ഭ.വ. തീയതി 31.5.2021 ഉത്തരവ് പുറപ്പെടുവിച്ചിട്ടു
ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹിക സുരക
പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനു
അപേക്ഷ, ജീവൻ രക്ഷാമരുന്നുകൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഏഴംകു
ഗ്രാമപഞ്ചായത്തിൽ വാതിൽപ്പടി സേവനം നടപ്പിലാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ട
എന്നത് വളരെ ദൗർഭാഗ്യകരമാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ
(46/19.8.2025) മറുപടിയായി വാതിൽപ്പടി സേവനം നടത്തുന്നതിനായി സൗത്ത് ഇന്ത്യൻ ബാങ്കി
അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. പ്രസ്തുത പദ്ധതി ആരംഭിച്ച് സേവനങ്ങൾ
ആവശ്യമായവർക്ക് ആയത് വാതിൽപ്പടിയിൽ എത്തിക്കാനുള്ള അടിയന്ത
ശ്രമങ്ങളുണ്ടാകേണ്ടതാണ്.

## 1-51 ഹെൽത്ത് ഗ്രാന്റ് അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാ
കമ്മീഷൻ അവാർഡ് പ്രകാരം കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഹെൽ
ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 31/8/2022-ലെ സ.ഉ(സാധാ) നം.2132/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാ
2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്ക
പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ (സാധാ) നം. 1625/2023/ത.സ്വ.ഭ.വ തീയതി 9.8.2023 നമ്പർ ഉത്തരവ് പ്രകാ
2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീ
സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 5-7-2022-ലെ പഞ്ചായ

ഡയറക്ടറുടെ PAN.11134/2021-J1(DP) നടപടി ക്രമങ്ങൾ പ്രകാരം സ്കീം-3 പ്രകാരമുള്ള രോഗനിർണ്ണ സൗകര്യങ്ങൾക്കും, സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റ പ്രവർത്തനങ്ങൾക്കുമുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

2022-23, 2023-24, 2024-25 എന്നീ മൂന്നു സാമ്പത്തിക വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റായി 3064019 രൂ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. 2022-23, 2023-24, 2024-25 വർഷങ്ങളിൽ 1962531/- രൂപയാ ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചത ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Infrastructure | 293019 | 1052000 | 439000 | 1784019 | 293018 | 858227 | 219020 | 1370265 | 413754 |
| 2 | Grant For Rural Health & Wellness Centres | 160000 | 433000 | 687000 | 1280000 | 159733 | 425033 | 7500 | 592266 | 687734 |
| 3 | Construction Of Building To Health Sub Centres | - | - | - | - | - | - | - | - | - |
| 4 | Interest | | | | | | | | | 507198 |
| | **ആകെ** | **453019** | **1485000** | **1126000** | **3064019** | **452751** | **1283260** | **226520** | **1962531** | **1608686** |

ഏഴംകുളം കുടുംബാരോഗ്യ കേന്ദ്രത്തിന് 5 സബ്സെന്ററുകളാണുള്ളത്. ഏഴംകു ഇളംഗമംഗലം, കിളിക്കോട് സബ്സെന്ററുകൾ പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാ ഏനാത്ത്, തൊടുവക്കാട് സബ് സെന്ററുകൾക്ക് സ്വന്തം കെട്ടിടമില്ല. കെട്ടിടം നിർമ്മിക്കുന്നത് അനുയോജ്യമായ സ്ഥലം പഞ്ചായത്ത് കണ്ടെത്തിയിട്ടുണ്ട്.

സർക്കാർ ഉത്തരവുകൾ പ്രകാരം Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തു ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്കീം-3 പ്രകാരം ഗ്രാമപഞ്ചായത്തി നടത്തേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുക സംബന്ധ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 155249 | 250000 | - | 405249 |
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക. | 77269 | 234452 | 219020 | 531701 |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ, ലാബ് റീയേജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. | 60500 | 328775 | - | 389275 |
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | - | - | - | - |
| 5 | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | - | 45000 | - | 45000 |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ | - | - | - | - |
| | **ആകെ** | **293018** | **858227** | **219020** | **1370265** |

സ്കീം-4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാൻറ് ഉപയോഗി പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ജീവനക്കാർക്ക ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങ നടത്തേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സ്കീം-4 പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 10000 | 76299 | - | 86299 |
| 2 | ഇൻറർനെറ്റ് ചാർജ്ജ് | - | - | - | - |
| 3 | ബോധവത്കരണ ക്ലാസ്സുകൾ | - | - | 7500 | 7500 |
| 4 | ജീവനക്കാർക്കും ആശ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം | - | - | - | - |
| 5 | ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക | 149733 | 348734 | - | 498467 |
| | | **159733** | **425033** | **7500** | **592266** |

ഏഴംകുളം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള എല്ലാ സബ് സെന്ററുകളിലും ലാ സൗകര്യം ഉള്ളത്. ഹെൽത്ത് ഗ്രാൻറ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യവർദ്ധ പ്രവർത്തനങ്ങൾ, ആരോഗ്യകരമായ ഭക്ഷണം, വ്യായാമം, ശുചിത്വം എന്നി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. ഹെൽത്ത് ഗ്രാൻറിനത്തി 1608686 രൂപ (1101488 + 507198 രൂപ പലിശ) ചെലവഴിക്കാൻ അവശേഷിക്കുന്നു ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, ചികിത്സ സൗകര്യങ്ങ

മെച്ചപ്പെടുത്തുന്നതിനും, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ആരോഗ്യഗ്രാ ഫലപ്രദമായും സമയബന്ധിതമായും ചെലവഴിയ്ക്കുന്നതിന് തുടർനടപടിക സ്വീകരിക്കേണ്ടതാണ്.

## 1-52 ജൽജീവൻ മിഷൻ - അവലോകനം

എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷനിലൂടെ സുരക്ഷിതവ മതിയായതുമായ കുടിവെള്ളം 2024 വർഷത്തോടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജൽ ജീവൻ മിഷൻ. ഇതിലൂടെ ജലസംരക്ഷണം, മഴവെ സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന ഗ്രാമീണ കുടുംബങ്ങൾ മാത്രമല്ല, പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അംഗനവാടികൾ, ആരോ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയ്ക്കും മതിയായ പരിഗണന പദ്ധതിയി വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധ നടപ്പിലാക്കുന്നത്.

ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജ റിപ്പോർട്ട് (DPR) പ്രകാരം, "ജൽ ജീവൻ മിഷന് വേണ്ടി ഭൂമി വാങ്ങൽ" (പ്രോജക്ട് നം. 213/24) എ പ്രോജക്ടിനായി ശ്രീ. പീറ്റർ, വി. റ്റി, വലിയവിള പുത്തൻ വീട്, ഏനാത്ത് എന്ന വ്യക്തിയിൽ നിന്ന് സെന്റ് സ്ഥലം (സെന്റിന് 29,000) 580000 രൂപയ്ക്ക് പഞ്ചായത്തിന് കൈമാറ്റം ചെയ്ത് കിട്ടിയിട്ടുണ്ട്.

### പദ്ധതിയുടെ നിലവിലെ അവസ്ഥ

പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡ എൻക്വയറിക്ക് (നം.03/06-08-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുമാ ബന്ധപ്പെട്ട് പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച കൃത്യമായ വിവരങ്ങ ശേഖരിക്കേണ്ടതും നിർവ്വഹണ പൂർത്തീകരണത്തിന് ആവശ്യമായ തുടർ നടപടി സ്വീകരി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വാട്ടർ ടാങ്ക് വാങ്ങൽ - ടെണ്ടർ നടപടികളിൽ സുതാര്യതയില്ല - അധി ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ (164/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| വകയിരുത്തൽ | 303000 (വികസന ഫണ്ട്- എസ്.സി.പി)<br>101000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 237600<br>(ട്രഷറി ബിൽ നം. 24050352016601718382/26.3.2025<br>79200 (ഗുണഭോക്തൃ വിഹിതം) |

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതിയ്ക്ക് ഇ-ടെണ്ടർ ക്ഷണിച്ചതിൽ ആ 9 ടെണ്ടറുകളാണ് ലഭിച്ചത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| നമ്പർ | സ്ഥാപനം | തുക |
|---|---|---|
| 1 | Plastbee Polymers, Kanjikode, Palakkad | 2000 |

| | | |
|---|---|---|
| 2 | Mediway Healthcare, Manjeri, Malappuram | 2984 |
| 3 | Ocean Polymer Technologies Pvt. Ltd. | 3225 |
| 4 | Ponnarath Agencies, Kayamkulam, Alappuzha | 3245 |
| 5 | Dream House Furniture, Balussery, Kozhikode | 3385 |
| 6 | South In Polymers, Thenkurissi, Palakkad | 3425 |
| 7 | ARTCO Ltd., Kozhikkode | 3600 |
| 8 | Tritech Traders, Vazhuthucadu, Thiruvananthapuram | 3670 |
| 9 | We Store Enterprises, Cherppulasseri, Palakkad | 3790 |

ഇ-ടെണ്ടറിൽ കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത ആറ് സ്ഥാപനങ്ങളെയും നിരസിച്ചു ഏഴാമത്തെ
സ്ഥാപനം ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിച്ച് 88 വാട്ടർ ടാങ്കുകൾക്ക് സപ്ലൈ
ഓർഡർ നല്കി. ഏഴാമത്തെ സ്ഥാപനത്തെ തിരഞ്ഞെടുത്തത് എന്ത് അടിസ്ഥാനത്തിലാണ് എ
വ്യക്തമല്ല. പഞ്ചായത്ത് ഭരണസമിതിയുടെ 24.2.2025-ലെ 11(1)-ാം നമ്പർ തീരുമാന പ്രകാരം മേ
സൂചിപ്പിച്ചത് പോലെ ഏഴാമത്തെ ഏറ്റവും കുറഞ്ഞ നിരക്കായ 3600 രൂപ ക്വോട്ട് ചെയ്ത ARTCO L
എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയായിരുന്നു. ഗുണമേന്മ പരിശോധന നടത്താതെയാ
ഇപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്ട്സിൽ പ്രസ്തു
വാങ്ങൽ സംബന്ധിച്ച് തീരുമാനമൊന്നുമില്ല. ഈ വിഷയത്തിൽ നൽകിയ ഓഡി
അന്വേഷണക്കുറിപ്പിന് (30/16.8.2025) ARTCO Ltd. ഒരു സർക്കാർ ഏജൻസി ആണെന്നും ടെണ്ട
നടപടികൾ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതാണ് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ
നൽകിയ മറുപടി. ഈ മറുപടി കൂടിയ നിരക്കിൽ വാട്ടർ ടാങ്ക് വാങ്ങിയ നടപടിയ്ക്ക്
സാധൂകരണമാകുന്നില്ല. അധിക വിലയുള്ള വാട്ടർ ടാങ്ക് വാങ്ങിയത് കാരണം ചുവടെ പറയ
പ്രകാരമുള്ള നഷ്ടമുണ്ടായിട്ടുണ്ട്-

| | |
|---|---|
| 88 വാട്ടർ ടാങ്കുകൾക്ക് ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിന് നൽകിയ തുക @ 3750 | 88x3750 = 316800 |
| 88 വാട്ടർ ടാങ്കുകൾക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് നൽകേണ്ടി വരുമായിരുന്ന തുക @ 2000 | 88x2000 = 176000 |
| അധികം നൽകിയ തുക | 316800 – 176000 = **140800** |

അധികം നൽകിയ 140800 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിരാകരിക്കുന്നു.

## 3-2 വയോജനങ്ങൾക്ക് കട്ടിൽ - ടെണ്ടർ നടപടികളിൽ അപാകത - അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | വയോജനങ്ങൾക്ക് കട്ടിൽ (120/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| വകയിരുത്തൽ | 412500(വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 311250<br>ട്രഷറി ബിൽ നം. 240503520166017183 87/26.3.2025 |

പട്ടികജാതി വിഭാഗത്തിൽ വയോജനങ്ങക്ക് കട്ടിൽ നൽകൽ പദ്ധതിയ്ക്ക് ഇ-ടെണ
ക്ഷണിച്ചതിൽ ആകെ ൭ ടെണ്ടറുകളാണ് ലഭിച്ചത്. ഇതിൽ ഏഴാമത്തെ ഏറ്റവും കുറഞ്ഞ റേറ്റായ 3
രൂപ കോട്ട് ചെയ്ത Kerala SIDCO Ltd. എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. പ്രോജ
നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു-

1. ഇ-ടെണ്ടറിൽ കുറഞ്ഞ റേറ്റ് കോട്ട് ചെയ്ത ആറ് സ്ഥാപനങ്ങളെയും നിരസിച്ചത് എ
അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല. ടെണ്ടർ ലഭിച്ച സ്ഥാപനങ്ങളുടെയും അവ കോട്ട് ചെ
നിരക്കുകളും ചുവടെ ചേർക്കുന്നു-

| നം. | സ്ഥാപനം | തുക |
|---|---|---|
| 1 | P G Enterprises, Vellayur Post, Malappuram | 2777 |
| 2 | Olympia Interior Enterprises, Thiruvarpu,Kottayam | 3100 |
| 3 | Astamedi Tech Private Ltd, Mavelikkara | 3219 |
| 4 | Sidco Wood Workshop | 3304 |
| 5 | Jas Industries, Thiruvarppu, Kottayam | 3460 |
| 6 | Sona Industries, Mavelikkara, Alappuzha | 3590 |
| 7 | Sidco Sales Emporium, Ettumannur, Kottayam | 3750 |

| | | |
|---|---|---|
| 8 | We Store Enterprises, Cherppulasseri, Palakkad | 3790 |
| 9 | WTritech Traders, Vazhuthacadu, Thiruvananthapuram | 3830 |

പഞ്ചായത്ത് ഭരണസമിതിയുടെ 24.2.2025-ലെ 11(1)-ാം നമ്പർ തീരുമാന പ്രകാരം മേൽ സൂചിപ്പിച്ച പോലെ ഏഴാമത്തെ ഏറ്റവും കുറഞ്ഞ നിരക്കായ 3750 രൂപ കോട്ട് ചെയ്ത SIDCO Sales Emporiu ഏറ്റുമാനൂർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയായിരുന്നു. വയോജനങ്ങൾക്ക് കട്ടി വിതരണം ചെയ്യുന്നതിന് മുന്നോടിയായി പഞ്ചായത്തിൽ സാമ്പിളായി കൊണ്ടുവന്ന കട്ടിലുക എത്ര സാമ്പിലുകൾ പരിശോധനയ്ക്ക് വിധേയമാക്കി എന്നത് വ്യക്തമല്ല. ആഞ്ഞിലിത ഉപയോഗിച്ച് പണികഴിപ്പിച്ചിട്ടുള്ളതാണെന്നും ആയവ ഗുണനിലവാരം ഉള്ളതാണെന്നും കോന റേഞ്ച് ഫോറസ്റ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡ അന്വേഷണക്കുറിപ്പിന് (32/16.8.2025) മറുപടിയായി മുൻ വർഷം കുറഞ്ഞ നിരക്കുള്ള കട്ടി ഗുണനിലവാരം ഇല്ലാത്തതായിരുന്നുവെന്നും സിഡ്കോ ഒരു സർക്കാർ അംഗീകൃ ഏജൻസിയാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പറഞ്ഞത്. എക്സിറ്റ് മീറ്റിംഗ് വേളയിൽ ബഹ പഞ്ചായത്ത് പ്രസിഡന്റും മുൻ വർഷം വിതരണം ചെയ്ത കട്ടിലുകൾക്ക് ഗുണമേന്മയില്ലായിരുന എന്ന് പരാതികൾ ലഭിച്ചതായി സൂചിപ്പിച്ചു. എന്നാൽ പ്രസ്തുത കാര്യങ്ങൾ സ്ഥാപിക്കാൻ യാതൊ തെളിവും ഹാജരാക്കിയിട്ടില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്കുള്ള കട്ടിലുകൾ എന്ത് അടിസ്ഥാനത്തിലാണ് എന്നത് തെളിയിക്കാൻ രേഖകളില്ല. അധിക വിലയുള്ള കട്ടിലുകൾ വാങ്ങിയത് കാരണം ചുവടെ പറയും പ്രകാരമുള്ള നഷ്ടമുണ്ടായിട്ടുണ്ട്-

| | |
|---|---|
| 83 കട്ടിലുകൾക്ക് ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിന് നൽകിയ തുക @ 3750 | 83x3750 = 311250 |
| 83 കട്ടിലുകൾക്ക് കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിന് നൽകേണ്ടി വരുമായിരുന്ന തുക @ 2777 | 83x2777 = 230491 |
| അധികം നൽകിയ തുക | 311250 – 230491 = **80759** |

ആയതിനാൽ അധികമായി ചെലവഴിച്ച 80759 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതാ നിരാകരിക്കുന്നു.

2. 83 കട്ടിലുകൾ വാങ്ങിയതിൽ രജിസ്റ്റർ പ്രകാരം 81 എണ്ണം വിതരണം നടത്തിയിട്ടുണ്ട്. രണ്ട് കട്ടിലുകൾ വിതരണം ചെയ്യാത്തതിന്റെ കാരണത്തിന് മറുപടിയായി രണ്ട് കട്ടിലുകൾ വിതരണം നടത്തി അറിയിക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

3. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകൾ , അർഹ തെളിയിക്കുന്ന രേഖകൾ ഒന്നും നൽകിയിട്ടില്ല.ആയതിനാൽ പ്രോജക്ടിന് ചെലവഴിച്ച തുക (മേ സൂചിപ്പിച്ച നിരാകരിച്ച തുക ഒഴികെ) 230491 രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 വന്യ മൃഗങ്ങളിൽ നിന്നും വിള സംരക്ഷണം-യൂണിറ്റ് നിരക്കിൽ അധികരിച്ച് തുക അനുവദിച്ചു

| | |
|---|---|
| **പദ്ധതിയുടെ പേരും നമ്പരും** | **വന്യമൃഗങ്ങളിൽ നിന്നും വിള സംരക്ഷണം, 91/25** |
| **വകയിരുത്തിയ തുക** | വികസന ഫണ്ട് – 550000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 300000<br>ജില്ലാ പഞ്ചായത്ത് വിഹിതം - 400000<br>ഗുണഭോക്താവ് നേരിട്ട് – 1250000<br>**ആകെ – 2500000** |
| **ചെലവഴിച്ച തുക** | **വികസന ഫണ്ട് - 548544**<br>( BRN-24050352016901553899/22.03.25 – 57580, 24050352016901468062/13.03.25 – 91638,<br>24050352016901468057/13.03.25 - 150000,<br>24050352016901313640/15.02.25 - 145700,<br>24050352016901687171/25.03.25 - 103626 ) |

| | |
|---|---|
| | **ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 251950**<br>( BRN- 24050352016901468060/13.05.25 - 171200,<br>24050352016901553888/19.03.25 - 54100,<br>24050352016901553933/19.03.25 - 26650 )<br>**ജില്ലാ പഞ്ചായത്ത് വിഹിതം - 39392**<br>( BRN- 24050352016901576695/22.03.25 - 16040,<br>24050352016901701779/26.03.25 - 23352 )<br>**<u>ആകെ- 839886</u>** |

വന്യമൃഗങ്ങളിൽ നിന്നും കാർഷിക വിളകൾക്ക് സംരക്ഷണം ഒരുക്കുന്നതിന് കൃഷി ഓഫീന
നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. പദ്ധതിയു
ഭാഗമായി 16 കർഷകർക്ക് ചെയിൻ ലിങ്ക് ഫെൻസിംഗിനും 9 കർഷകർക്ക് സോളാർ വേ
നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്. ആകെ 839886 രൂപ പദ്ധതിയ്ക്കാ
ചെലവഴിച്ചിട്ടുണ്ട്. ചെയിൻ ലിങ്ക് ഫെൻസിംഗിന് വാല്യുവേഷൻ തുകയുടെ 50 ശതമാനമാ
പരമാവധി 50000 രൂപ വരെ ധനസഹായം അനുവദിച്ചിട്ടുള്ളത്. ചെലവുകൾ സംബന്ധ
ഇൻവോയ്സുകൾ ഒന്നും ആവശ്യപ്പെടാതെ വാല്യുവേഷൻ അടിസ്ഥാനമാക്കിയാണ് സബ്സിഡ
അനുവദിച്ചത്. സോളാർ ഫെൻസിംഗ് സ്ഥാപിച്ചവർ ഹാജരാക്കിയ ഇൻവോയ്സുക
അടിസ്ഥാനമാക്കി 50000 രൂപയിൽ അധികരിക്കാതെ 50% സബ്സിഡി അനുവദിച്ച് നൽകി. സോള
ഫെൻസിംഗ് 1.5 മീറ്റർ ഉയരത്തിലും 1മീറ്റർ നീളത്തിലും സ്ഥാപിക്കുന്നതിന് 1500 രൂപ യൂണിറ്റ് കോ
ജില്ലാ തലത്തിൽ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഓരോ കർഷകനും എത്ര മീറ്റർ നീളത്തിൽ സോള
ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള വിവരം ഫയലിൽ എവിടെയ
രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് സബ്സിഡ
അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

ചെയിൻ ലിങ്ക് ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രോജക്ടുകൾ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കാ
അനുമതി നൽകിക്കൊണ്ടുള്ള 30.03.2022-ലെ സ.ഉ.(സാധാ.)നം.775/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവി

ഒരു മീറ്റർ വേലി സ്ഥാപിക്കുന്നതിന് 1028 രൂപ യൂണിറ്റ് നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. യൂണ നിരക്കിന്റെ 50 ശതമാനമാണ് പരമാവധി അനുവദിക്കാവുന്ന സബ്സിഡി. വാല്യൂവേഷൻ തുകയു അടിസ്ഥാനത്തിൽ കണക്കാക്കുന്ന സബ്സിഡി യൂണിറ്റ് നിരക്കിന്റെ 50 ശതമാനത്തി പരിമിതപ്പെടുത്തേണ്ടതാണ്. എന്നാൽ രണ്ട് ഗുണഭോക്താക്കൾക്ക് അധിക ധനസഹാ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ചിത്രാ ഗോപി, പ്രശാന്തി ഭവൻ, അറുകാലിക്കൽ എന്ന കർഷകയ്ക്ക് 62മീ. നീളത്തിൽ ചെയി ലിങ്ക് ഫെൻസിംഗ് സ്ഥാപിച്ചതിന്റെ സബ്സിഡി ഇനത്തിൽ 39158 രൂപ അനുവദിച്ചിട്ടു എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ തുകയായ 78316 രൂപയുടെ ശതമാനമാണ് അനുവദിച്ചത്. എന്നാൽ യൂണിറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ ടിയാൾ അർഹമായ സബ്സിഡി 31868 രൂപ ((62*1028)/2) മാത്രമാണ്. 7290 രൂപ അധികമായി അനുവദിച്ചിട്ടു
- രാജേന്ദ്രൻ പിള്ള എ.എസ്. എന്ന കർഷകന് 45 മീറ്റർ നീളത്തിൽ ചെയിൻ ലിങ്ക് ഫെൻസി സ്ഥാപിച്ചതിന്റെ സബ്സിഡി ഇനത്തിൽ 41845 രൂപ അനുവദിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ തുകയായ 83690 രൂപയുടെ 50 ശതമാനമാ അനുവദിച്ചത് എന്നാൽ യൂണിറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് അർഹമ സബ്സിഡി 23130 രൂപ ((45*1028)/2) മാത്രമാണ്. 18715 രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

രണ്ട് കർഷകർക്കുമായി ആകെ 26005 രൂപ അധിക ധനസഹായം അനുവദിച്ചിട്ടു ഗുണഭോക്താക്കൾക്ക് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചത്, പദ്ധതി നിർവ്വഹണത്തി അപാകതകൾ എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡ എൻക്വയറിയ്ക്ക് (49/19.08.25) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമാ അനുവദിച്ച തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 തേൻഗ്രാമം-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് തുക ചെലവഴിച്ചു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | തേൻഗ്രാമം, 86/25 |
| വകയിരുത്തിയ തുക | വികസന ഫണ്ട് -42800<br>ഗുണഭോക്തൃ വിഹിതം - 37800<br>ആകെ – 80600 |

| | |
|---|---|
| ചെലവഴിച്ച തുക | വികസന ഫണ്ട്-80600<br>( BRN - 24050352016901227585/11.02.25 – 21000,<br>24050352016901301152/15.02.25 - 5000,<br>24050352016901468054/13.03.25 - 16800,<br>ചെക്ക് – 37800 ) |

തേനീച്ചയോടു കൂടിയ പെട്ടി 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനും തേന് വളർത്തലിൽ കർഷർക്ക് പരിശീലനം നൽകുന്നതിനുമായി കൃഷി ഓഫീസർ നിർവ്വഹ ഉദ്യോഗസ്ഥയായി തേൻ ഗ്രാമം പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. പതിനാല പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേ (സ.ഉ.(കൈ.)നം. 115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022) ഖണ്ഡിക 6.1.9.32 പ്രകാരം തേന് കൃഷിയ്ക്ക് പൊതുവിഭാഗത്തിന് പരമാവധി 50% സബ്സിഡിയാണ് അനുവദനീയമായിട്ടുള്ള പദ്ധതിയുടെ ഭാഗമായി 54 തേനീച്ച കോളനികൾ വാങ്ങി വിതരണം നടത്തിയതിന് 75600 രൂപയ കർഷകർക്ക് പരിശീലനം നൽകിയതിന് 5000 രൂപയും ചെലവഴിച്ചിട്ടുണ്ട്. കെയ്ക്കോ തിരുവല്ലയി നിന്നും 17.01.2025-ൽ 30 തേനീച്ച കോളനികൾ 1400 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ആകെ വിലയാ 42000 രൂപയിൽ 21000 രൂപ വീതം വികസനഫണ്ടിൽ നിന്നും ഗുണഭോക്തൃ വിഹിതത്തിൽ നിന്ന അനുവദിച്ചു. പിന്നീട് 22.02.2025-ൽ കെയ്ക്കോയിൽ നിന്ന് 24 തേനീച്ച കോളനികൾ സ്റ്റാൻ ഉൾപ്പെടെ 1400 രൂപ നിരക്കിൽ വാങ്ങുകയും ബിൽതുകയായ 33600 രൂപ വികസനഫണ്ടിൽ നിന്ന ഗുണഭോക്തൃ വിഹിതത്തിൽ നിന്നും തുല്യമായി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. തേന് കോളനി ഒരെണ്ണത്തിന് 600രൂപയും സ്റ്റാന്റിന് 200രൂപയുമാണ് ജില്ലാതലത്തിൽ നിശ്ചയിച്ചിരിക്കു യൂണിറ്റ് കോസ്റ്റ്. ആയത് പ്രകാരം കണക്കാക്കുമ്പോൾ 30 തേനീച്ച കോളനികൾക്ക് 18000 രൂപയ (30*600) 24 തേനീച്ച കോളനികൾക്കും സ്റ്റാന്റിനുമായി 19200 രൂപയുമാണ് (24*800) ചെലവ് വരുന്ന ആകെ തുകയായ 37200 രൂപയാണ് (18000+19200) ചെലവഴിക്കാൻ സാധിക്കുന്നത്. എന്നാൽ 75600 രൂ ചെലവഴിച്ചാണ് കെയ്ക്കോയിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത്. 38400 രൂപ അധികമാ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട് ഗുണഭോക്തൃ വിഹിതം എന്നിവയിൽ നിന്നും തുല്യമായാ അധികച്ചെലവ് നടത്തിയിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡ എൻക്വയറിയ്ക്ക് (50/19.08.25) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമാ

ചെലവഴിച്ച 38400 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കാൻ നടപ സ്വീകരിക്കേണ്ടതാണ്.

## 3-5 പുഷ്പ കൃഷിയ്ക്ക് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പുഷ്പകൃഷി, 88/25 |
| വകയിരുത്തിയ തുക | വികസന ഫണ്ട് - 40000<br>ഗുണഭോക്തൃ വിഹിതം - 40000<br>ആകെ – 80000 |
| ചെലവഴിച്ച തുക | വികസന ഫണ്ട് – 40000<br>( BRN - 240503520160014680 56/13.03.25 – 40000) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പുഷ്പ കൃഷി വികസിപ്പിക്കുന്നതിന് പദ്ധ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. ലൂസ് പൂക്കൾ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 16000 രൂ അധികരിക്കാതെ സബ്സിഡി നൽകുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയു ഭാഗമായി ഏനാദിമംഗലം മഹാത്മാ കാർഷിക കർമ്മസേനയിൽ നിന്നും 10000 എണ്ണം ബ തൈകൾ വാങ്ങി 47 കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. 10000 തൈകൾക്ക് 4രൂപ നിരക്കി ആകെ 40000 രൂപ കാർഷിക കർമ്മസേനയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വാങ്ങിയ തൈക സൗജന്യമായാണ് വിതരണം നടത്തിയിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സി ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(കൈ.)നം. 115/20 ത.സ്വ.ഭ.വ. തീയതി 28.05.2022) ഖണ്ഡിക 6.1.5 പ്രകാരം പുഷ്പ കൃഷിയ്ക്കുള്ള വിത്തുകളും തൈകള പൊതുവിഭാഗത്തിന് വിതരണം ചെയ്യുമ്പോൾ പരമാവധി 75% സബ്സിഡിയാ അനുവദനീയമായിട്ടുള്ളത്. 100% സബ്സിഡി അനുവദിച്ചത് വഴി വികസന ഫണ്ടിൽ നിന്നും 10000 രൂ അധികമായി ചെലവഴിച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും അധിക തുക പിൻവലിച്ചത് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (49/19.08.2025) നിർവ്വഹ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി നിരക്കിൽ അധികരിച്ച് ചെലവഴിച്ച 10000 രൂ നിർവ്വഹണ ഉദ്യോഗസ്ഥയിൽ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരങ്ങളും പഞ്ചായത്തിൽ നിന്നും ഓഡ കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയവരുടെ ലിസ്റ്റും പരിശോധിച്ചതിൽ നിന്ന ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം നടത്തിയാ കണ്ടെത്തിയിട്ടുണ്ട്. മരണം രജിസ്റ്റർ ചെയ്യുന്നതിനൊപ്പം ക്ഷേമ പെൻഷൻ സസ്പെൻ ചെയ്യാതിരുന്നതിനാലാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സമയത്ത് 2024 നവംബർ വരെയുള്ള കാലയളവിലെ പെൻഷൻ വിതരണ പരിശോധിക്കുകയും അപാകതകൾ ആ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയ ചെയ്തിരുന്നു. 2024 ഡിസംബർ മുതലുള്ള വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ളത്.

2024 ഡിസംബർ മുതൽ 2025 മാർച്ച് വരെയുള്ള കാലയളവിൽ മരണപ്പെട്ട 5 ഗുണഭോക്താക്കളു അക്കൗണ്ടുകളിലേക്ക് അവരുടെ മരണത്തിന് ശേഷവും പെൻഷൻ തുക നിക്ഷേപിച്ചിട്ടു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | പെൻഷൻ തരം, പെൻഷൻ ഐഡി. | മരണപ്പെട്ട തീയതി | ഗുണഭോക്താവ് മരണപ്പെട്ട ശേഷം വിതരണം ചെയ്ത തുക | റിമാർക്ക് |
|---|---|---|---|---|---|
| 1 | അസുമാ ബീവി, തെങ്ങുംതുണ്ടിൽ, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180202846 | 05.01.2025 | 14400 (9*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 2 | ചിന്നമ്മ, എബനേസർ ഭവനം, ഏനാത്ത് | വിധവാ പെൻഷൻ 104180601476 | 14.03.2025 | 9600 (6*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 3 | പൊടിയൻ, പൊന്നിട്ട പടിഞ്ഞാറ്റേതിൽ, | വാർദ്ധക്യകാല പെൻഷൻ 104180201222 | 01.12.2024 | 6000 (10*600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

| | | | | | |
|---|---|---|---|---|---|
| | ഇളങ്ങമംഗലം, ഏനാത്ത് | | | | |
| 4 | തങ്കമ്മ, പാറവിള വീട്, കടിക കൈതപ്പറമ്പ് | വാർദ്ധക്യകാല പെൻഷൻ 104180203093 | 16.01.2025 | 4800 (8*600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 5 | രാജു എൽ., പാലക്കുന്നിൽ തെക്കേതിൽ, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180200975 | 25.03.2025 | 8000 (5*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| | **ആകെ** | | | **42800** | |

ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം ആകെ 42800 രൂപ പെൻഷൻ ഇനത്തിൽ അവരു( ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ക്രമ നം. 1, 2, 4 ഗുണഭോക്താക്കളുടെ പെൻഷൻ നിലവില ആക്ടീവായി തുടരുകയാണ്.

2025-26 സാമ്പത്തിക വർഷം ഓഡിറ്റ് തീയതിവരെയുള്ള പെൻഷൻ വിതരണം പരിശോധിച്ചതി നിന്നും ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം ആകെ 39200 രൂപ പെൻഷൻ ഇനത്തി അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും 17200 രൂപ വീടുകളിലെത്തി നേരിട്ട് വിതരണ ചെയ്യുന്നതിനായി സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **പേരും വിലാസവും** | **പെൻഷൻ തരം, പെൻഷൻ ഐഡി.** | **മരണപ്പെട്ട തീയതി** | **ഗുണഭോക്താവ് മരണപ്പെട്ട ശേഷം വിതരണം ചെയ്ത തുക** | **റിമാർക്ക്** |
|---|---|---|---|---|---|
| 1 | ആനന്ദൻ, കൃഷ്ണവിലാസം, അറുകാലിക്കൽ പടിഞ്ഞാറ്, വടക്കടത്ത്കാവ് | ഭിന്നശേഷി പെൻഷൻ 104180400031 | 10.06.2025 | 3200 (2*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് |

| | | | | | |
|---|---|---|---|---|---|
| | | | | | മരണപ്പെട്ടതിനാൽ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 2 | ഭാനുമതി അമ്മ, കിഴക്കേ കാഞ്ഞിരംവിള, ഇളങ്ങമംഗലം, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180201833 | 15.07.205 | 600 (1*600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 3 | ചിന്നമ്മ, മേലൂട്ട്, അറുകാലിക്കൽ വെസ്റ്റ്, നെടുമൺ | വാർദ്ധക്യകാല പെൻഷൻ 104180201063 | 20.06.2025 | 3200 (2*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 4 | ചിന്നമ്മ കുഞ്ഞുകുഞ്ഞ്, ഓണംപള്ളിൽ കടയിൽ, ഏനാത്ത് | വിധവാ പെൻഷൻ 104180601031 | 26.04.2025 | 6400 (4*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 5 | ഗ്രേസിക്കുട്ടി ജോയി, പൊടിവിള | വാർദ്ധക്യകാല പെൻഷൻ 104180202361 | 29.06.2025 | 1600 (1*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

| | | | | | |
|---|---|---|---|---|---|
| | തെക്കേതിൽ പുത്തൻവീട്, വയല | | | | |
| 6 | മേരിക്കുട്ടി സാമുവൽ, സജിഭവൻ, കൈതപ്പറമ്പ് | വാർദ്ധക്യകാല പെൻഷൻ 104180200760 | 12.07.2025 | 1600 (1*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 7 | മീനാക്ഷി എം., മേലൂട്ട് വീട്, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180202607 | 20.06.2025 | 1200 (2*600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 8 | നാണു സി., ചരുവിളയിൽ, കുതിരമുക്ക് അറുകാലിക്കൽ വെസ്റ്റ് | വാർദ്ധക്യകാല പെൻഷൻ 104180200155 | 25.07.2025 | 1600 (1*1600) | സംസ്ഥാന വിഹിതം 1100രൂപ സഹകരണ ബാങ്കിന് കൈമാറി കേന്ദ്ര വിഹിതം 500രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 9 | പൊന്നമ്മ, മല്ലശ്ശേരി വില്ല, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180202835 | 14.07.2025 | 600 (1*600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 10 | രാഘവൻ, ലക്ഷ്മി വിലാസം, ഏഴംകുളം, പുതുമല | കർഷക തൊഴിലാളി പെൻഷൻ | 18.07.2025 | 1600 (1*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. |

| | | | | | |
|---|---|---|---|---|---|
| | | 104180100532 | | | എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 11 | സലിം, അയണിക്കാമുകളിൽ, ഏഴംകുളം, നെടുമങ്ങ | വാർദ്ധക്യകാല പെൻഷൻ 104180203725 | 14.05.2025 | 6400 (4*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 12 | ശാന്തമ്മ, ചരുവിളക്കിഴക്കേതിൽ, തൊട്ടുവക്കാട്, തേപ്പുപാറ | വിധവാ പെൻഷൻ 104180601829 | 31.05.2025 | 3200 (2*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 13 | സരസ്വതി അമ്മാൾ, മണികണ്ഠ ഭവനം, അറുകാലിക്കൽ വെസ്റ്റ് | വാർദ്ധക്യകാല പെൻഷൻ 104180202552 | 09.05.2025 | 6400 (4*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 14 | ഷെരീഫാ ബീവി, ചെളിക്കുഴിവിള ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180202836 | 22.07.2025 | 1600 (1*1600) | സംസ്ഥാന വിഹിതം 1100രൂപ സഹകരണ ബാങ്കിന് കൈമാറി കേന്ദ്ര വിഹിതം 500രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചു. |

| | | | | | |
|---|---|---|---|---|---|
| 15 | തങ്കമ്മ തോമസ്, വൽസലഗിരി, ഇളങ്ങമംഗലം , ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180201588 | 12.04.2025 | 8000 (5*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 16 | ജോർജ്ജ് സി.ഐ., ചിറക്കരോട്ട്, ഇളങ്ങമംഗലം, ഏനാത്ത് | വാർദ്ധക്യകാല പെൻഷൻ 104180200217 | 03.07.2025 | 1600 (1*1600) | സഹകരണ ബാങ്കിന് തുക അനുവദിച്ചു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാ തുക കൈ മാറാൻ ബാങ്കിന് സാധിച്ചില്ല. |
| 17 | വർഗ്ഗീസ്, കൊച്ചു പുത്തൻവീട്, പറക്കോട്, ഏഴംകുളം | ഭിന്നശേഷി പെൻഷൻ, 104180400356 | 11.05.2025 | 6400 (4*1600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 18 | കെ.സി. ബേബി, കുന്നിൽ പീസ് കോട്ടേജ്, കൈതപ്പറമ്പ്, ഏഴംകുളം | വാർദ്ധക്യകാല പെൻഷൻ 104180201781 | 20.06.2025 | 1200 (2*600) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

ക്രമ നമ്പർ 8, 10, 12, 17 ഗുണഭോക്താക്കളുടെ പെൻഷൻ നിലവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട എന്നാൽ മറ്റുള്ള ഗുണഭോക്താക്കളുടെ പെൻഷൻ നിലവിലും ആക്ടീവായി തുടരുകയാണ്.

മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്ന സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (40/18.08.2025) നൽകിയിരുന്ന ടി. ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് നടപടിക സ്വീകരിച്ചിട്ടുണ്ടെന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തു തിരികെ ഈടാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആ
വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ് ബേസിൽ നിന്നും ഒഴിവാക്കാ
പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പെൻഷൻ വിതരണം നടത്തു
സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തി
ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാ
സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്
ഒഴിവാക്കേണ്ടതുമാണെന്ന് 23.09.2020-ലെ സ.ഉ.(കൈ.) നം.97/2020/ധന നമ്പർ ഉത്തരവി
നിഷ്കർഷിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശി
സർക്കാരിനെ അറിയിക്കാതെ അനന്തരാവകാശികൾ സർക്കാരിനെ കബളിപ്പിച്ച് അനർഹമാ
തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്നും തിരികെപ്പിടിച്ച് സർക്കാരി
മുതൽക്കൂട്ടുവാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പ്രസ്തുത ഉത്തരവിലുണ്ട്. സാമൂ
സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം അനുവദിക്കുന്ന പെൻഷൻ/കുടിശ്ശി
തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ലായെന്ന് 22.11.2024-ലെ 65/20
ധന സർക്കുലറിലൂടെ വ്യക്തത വരുത്തിയിട്ടുമുണ്ട്. അനർഹമായി കൈപ്പറ്റിയ തുക പലി
സഹിതം തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12.12.2024-ലെ 71/2024/ധന, 31.01.2025-ലെ 07/2025/
എന്നീ സർക്കുലറുകളിലൂടെ അധിക നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം അനന്തരാവകാശികൾ അനർഹമായി കൈപ്പറ്റി
തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാ
മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷ
ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തത് മൂലം സർക്കാരി
സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാ
സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് 12.08.2021-ൽ 63/2021/ധന നമ്പരായി സർക്കുല
പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷ
അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി ഓഡിറ്റ് കണ്ടെത്തിയ 82000 രൂപ (42800+392
അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം സെക്രട്ടറിയിൽ നിന്
ഈടാക്കേണ്ടതാണ്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം സഹകരണ ബാങ്കി
അനുവദിച്ച തുക തിരികെ ഒടുക്കിയതിന്റെ വിവരങ്ങൾ ബാങ്കിൽ നിന്നും വാങ്ങി ഓഡിറ്റി
ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന ഭാവിയിൽ ആവർത്തിക്കാതെയിരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 16 | 96000 | 96000 | 0 | -- |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടു റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | | | |
| 0 | ബാധകമല്ല | 0 | 0 | 0 | - |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-07-2024 -31-7-24 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗു
ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 0 | ബാധകമല്ല | 0 | 0 | - |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടു
റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 0 | ബാധകമല്ല | 0 | 0 | 0 | - |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച് തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 25.8.2025 & 26.8.2025 | കെ.എസ്.എ.പിറ്റിഎ.പി10-1065/25 തീയതി . 17.09.2025 |

## 4-3 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 251950 | വന്യമൃഗങ്ങളിൽ നിന്ന് വിള സംരക്ഷണം (91/25) | 251950 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 10000 | വിള പരിപാലനം (89/25) | 10000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 150000 | അതിദരിദ്രർക്കുള്ള വീട് മെയിന്റനൻസ് (267/25) | 150000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 426200 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (86/25) | 426200 | 0 |
| പറക്കോട് ബ്ലോക്ക് | 95461 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 95461 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | (77/25) | | |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 150000 | അഗതി ആശ്രയ (403/25) | 150000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 39392 | വന്യമൃഗങ്ങളിൽ നിന്ന് വിള സംരക്ഷണം (91/25) | 39392 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 599993 | സാന്ത്വനം - പാലിയേറ്റീവ് പദ്ധതി (99/25) | 599993 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 4320000 | ലൈഫ് ഭവന നിർമ്മാണം - ജനറൽ (74/25) | 4320000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 126000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (80/25) | 126000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 62607 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (77/25) | 62607 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയ ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് തുക ഒടുക്കൽ (281/25) | 206362 | 0 | 206362 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കുന്നതിന് തുക ഒടുക്കൽ (139/25) | 1252014 | 0 | 1252014 |

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തന്‌വർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 11847532 | 11678244 | 2146994 | — | 21378782 |

## 4-6 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്ത സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് | കേരള ബാങ്ക് ഏഴംകുളം ശാഖ |
| സ്ഥിര നിക്ഷേപ അക്കൗണ്ട് നമ്പർ | 60/102/3203 |
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 12938601 |
| തൻവർഷം ലഭിച്ച പലിശ | 938049 |
| ആകെ | 13876650 |
| തൻവർഷം പിൻവലിച്ച തുക | Nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13876650 |

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തന അവലോകന റിപ്പോർട്ട് | - | 2013-14 | 5.1.5 (11) | വെള്ളപ്പാറ പൊടിവിള കോളനി കുടിവെള്ള പദ്ധതി പ്രവർത്തനരഹിതമാണ് | പരാമർശം നിലനിൽക്കുന്നു |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2020-21 | 1-19 | 2021-22 | അനുബന്ധം 1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തുന്നത് | പരാമർശം നിലനിൽക്കുന്നു |

## 4-10 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 164499989 | 288117813 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97186667 | 261708508 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 377964 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 456071 | |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 140800 | ശ്രീ. ചന്ദ്രബോസ് എം. എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 80759 | ശ്രീ. ചന്ദ്രബോസ് എം. എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 26005 | ശ്രീമതി കൃഷ്ണശ്രീ ആർ. കെ. കൃഷി ഓഫീസർ |
| 3-4 | | 38400 | ശ്രീമതി കൃഷ്ണശ്രീ ആർ. കെ, കൃഷി ഓഫീസർ |
| 3-5 | | 10000 | ശ്രീമതി കൃഷ്ണശ്രീ ആർ. കെ, കൃഷി ഓഫീസർ |
| 3-6 | | 82000 | ശ്രീമതി ലേഖ എസ്, സെക്രട്ടറി |
| | **ആകെ** | **377964** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 230491 | ശ്രീ. ചന്ദ്രബോസ് എം. എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-37 | 174580 | ശ്രീ. ചന്ദ്രബോസ് എം. എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-42 | 51000 | ശ്രീമതി കൃഷ്ണശ്രീ ആർ. കെ. കൃഷി ഓഫീസർ |
| ആകെ | **456071** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടാ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തി ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലേഖ എസ്, സെക്രട്ടറി | സെക്രട്ടറി, ഏഴംകുളം ഗ്രാമപഞ്ചായത്ത് | ശ്രീഭവനം, തെക്കുംഭാഗം, ചവറ സൗത്ത് പി.ഒ, കൊല്ലം ജില്ല 691584 |
| ശ്രീമതി കൃഷ്ണശ്രീ ആർ. കെ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഏഴംകുളം ഗ്രാമപഞ്ചായത്ത് | കൃഷ്ണപ്രിയ, എരുവ വെസ്റ്റ്, എരുവ പി.ഒ, കായംകുളം, ആലപ്പുഴ ജില്ല 690572 |
| ശ്രീ. ചന്ദ്രബോസ് എം എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | കല്ലുവെട്ടാം കുഴിയിൽ വീട്, മാരൂർ പി.ഒ, പത്തനംതിട്ട ജില്ല 691524 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10 & 2010-11 | എൽ.എഫ്.പിറ്റിഎ.പി.10/443/13, തീയതി 1.10.2013/4.9.2014 | 1, (3-3) |
| 2011-12 | എൽ.എഫ്.പിറ്റിഎ.പി.10/445/13, തീയതി 11.10.2013/4.12.2014 | 5, (3-4, 3-10, 3-12, 3-13(1), 3-17) |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി.10/1061/14, തീയതി 9.2.2015 | 4, (2-8, 3-2, 3-5, 3-6) |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി10/979/17, തീയതി 11.9.2017 | 3, (2-2, 2-6, 3-1) |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി10/1573/18 തീയതി 7.1.2019 | 12, (2-2, 2-3, 2-4, 2-5, 3-1, 3-5, 3-10, 3-11, 3-22, 3-26, 3-32, 3-35) |
| 2018-2019 | കെ.എസ്.എ.പിറ്റിഎ.പി10/932/19 തീയതി 5.12.2019 | 31, (1-12, 1-14, 1-16 മുതൽ 1-39 വരെ, 1-41 മുതൽ 1-43 വരെ, 1-45, 1-47) |
| 2019-2020 | കെ.എസ്.എ.പിറ്റിഎ.പി10/667/21 തീയതി 26.10.2021 | 10 |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി10/668/21 തീയതി 2.11.2021 | 36 |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി10/937/22 തീയതി 28.10.2022 | 1-1, 1-3 മുതൽ 1-8 വരെ, 1-10, 4-1, 4-3 മുതൽ 4-10 വരെയുള്ളത് |

| | | |
|---|---|---|
| | | ഒഴികെ എല്ലാ ഖണ്ഡികകളും |
| 2022-23 | കെ.എസ്.എ.പി/റ്റി/എ.പി10/1131/23 തീയതി 6.12.2023 | 1-2 മുതൽ 1-8 വരെ, 4-1, 4-3 മുതൽ 4-8 വരെയുള്ളത് ഒഴികെ എല്ലാ ഖണ്ഡികകളും |
| 2023-24 | കെ.എസ്.എ.പി/റ്റി/എ.പി10/1211/24 തീയതി 13.12.2024 | 1-1, 4-1മുതൽ 4-9 വരെയുള്ളത് ഒഴികെ എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടിക സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ട**
**ജില്ലാ ഓഡിറ്റ് കാര്യാല**
**പത്തനംതി**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 02-06-2025 and submitted on 06-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the EZHAMKULAM Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual

Financial Statements give a true and fair view of financial result for the year 2024-2025 and Financial position of EZHAMKULAM Grama Panchayat as on 31-03-2025

**Date: 17/09/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of EZHAMKULAM Grama Panchayat for the Year 2024-2025.

### 1.Major Observations

1) Asset register is not comprehensive. The value of assets included in the balance sheet does not match with the asset register.

### 2.Other Observations

1) The statement of basic ratios as prescribed in Rule 62 of the Kerala Panchayat Raj Accounting Rules 2011, has not been included with the annual accounts.

2) The total cash flow for the year in the cash flow statement does not match the amount shown as the difference between the balance and the reserve in the statement.

3) In Schdule B-11 (b) : Although a part payment of Rs.2911840 was made for public works, the amount has not been recorded under the head of Capital Work in Progress.

4) Demand entries of Tax and Non tax revenues are not timely recorded

5) The annual summary under property tax in sanchaya software does not match with the corresponding figures in Annual Financial Statement.

6) The deposit register has not been kept with an annual summary written and certified by the Secretary.

7) No vouchers or worksheets were made available for audit for the amounts under the heads Prior Period Expenditure & Prior Period Income. Therefore, it was not possible to ensure the accuracy of the entries in the ledger.

8) The amounts in the annual accounts for revenues such as License Fees, Profession Tax and Rent do not match the amounts summarized in the respective registers.

9) As per Schedule B-18 in Annual Financial Statement a large amount of advance payments to agencies like KSEB and KWA remain to be adjusted.

10) The amount of Rs. 379745 shown as a liability in Schedule B-4 under the Beneficiary Contribution item is an amount that remained unadjusted from the previous year.

11) Amount included as liability should be adjusted. The details are as follows.

| Account Head | Item | Amount |
|---|---|---|
| 350300199 | Goverment and other Dues payable- OTHERS | 100090 |
| 350300101 | Goverment and other Dues payable- LIBRARY CESS | 294692 |

12) In Schedule B4, Rs.582568 has recordes as grant from other financial Institutions. But the details of this figure is not available

13) The amount spent for the implementation of joint venture projects (block Panchayat) is Rs. 1083611. But in Annual Financial Statement the amount spent on this item is Rs. 1033611. There is a difference of Rs.50000

14) In Schedule B11 (a)- Rs. 2709143 recorded in Accumulated Depreciation â Furniture, Fixtures is wrong.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്